# സുനീതി

ത്രൈമാസ വാർത്താപത്രിക
സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധീകരണം

ലക്കം 7
ഒക്ടോബർ 2020

SOCIAL JUSTICE DEPARTMENT



വയോക്ഷേമ ജില്ലാ കോൾ സെന്റർ സംസ്ഥാനതല ഉദ്ഘാടനം

ഡിജിറ്റൽ പതിപ്പിനായി ക്യു. ആർ. കോഡ് സ്കാൻ ചെയ്യുക

GRAND CARE

സായംപ്രഭ



**ഷീബ ജോർജ് ഐ എ എസ്**
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്

സുനീതിയുടെ 7– ാം ലക്കം അതീവ സന്തോഷത്തോടെ പ്രസിദ്ധീകരിക്കുന്നു. വകുപ്പിന്റെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ ആസ്പദമാക്കിയാണ് ഓരോ ലക്കം സുനീതിയും പുറത്തിറക്കുന്നത്. ഈ ലക്കം വയോക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയിരിക്കുന്നു.

അന്താരാഷ്ട്ര വയോജന ദിനമായ ഒക്ടോബർ 1 കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നാം സമുചിതമായി ആഘോഷിച്ചു. സാമൂഹ്യ നീതി വകുപ്പിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യമുള്ള മേഖലയാണ് വയോജന ക്ഷേമം. വയോജനങ്ങൾക്കു ഏറെ ആശ്വാസം പകരുന്ന ഗ്രാന്റ് കെയർ പദ്ധതിയിൻ കീഴിൽ 14 ജില്ലകളിലും സാമൂഹ്യ നീതി ഓഫീസർമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളും സന്നദ്ധപ്രവർത്തകരും വയോജനങ്ങൾക്കായി അഹോരാത്രം പ്രയത്നിച്ചുവരുന്നു. ജീവിതത്തിൽ ആദ്യമായി പിറന്നാൾ ആശംസകൾ ഫോണിലൂടെ കേട്ടതിന്റെയും മധുരം പങ്കിട്ടതിന്റെയും സന്തോഷവും ഇത്തവണ വയോജനങ്ങൾക്ക് ഉണ്ടായി. കോവിഡ് പ്രതിസന്ധിക്കിടയിലും വയോജനങ്ങളുടെ ആകുലതകൾക്കും, ആശങ്കകൾക്കും, ആരോഗ്യ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ സഹകരിച്ച ഓരോ പ്രവർത്തകരെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കട്ടെ.

മയക്കുമരുന്നിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള നശാമുക്ത് ഭാരത് –പദ്ധതി 6 ജില്ലകളിലായി നടന്നുവരുന്നു. പദ്ധതിയുടെ ഭാഗമായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ കോവിഡിന്റെ പശ്ചാത്തലത്തിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ തുടർന്നും വിവിധ സേവനങ്ങൾ സമൂഹത്തിന് നൽകാൻ കഴിയും എന്നതിൽ സംശയമില്ല.

ഈ ലക്കം സുനീതിയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. കോവിഡ് എന്ന മഹാമാരിയിൽ നിന്നും എത്രയും വേഗം ലോകം മുക്തരാകുമെന്നും വകുപ്പിന്റെ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലതയോടെ മുന്നോട്ടു കൊണ്ടുപോകാനാകുമെന്നും പ്രതീക്ഷിക്കുന്നു.

ആശംസകളോടെ..

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

## ഉള്ളടക്കം


കരുതാം വയോജനങ്ങളെ........1
മാതൃകയാക്കാം ഈ സ്ഥാപനങ്ങളെ........3
വയോമിത്രം– കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ........4
ലോക വയോജന ദിനാചരണം........5
എൻ. ഐ.പി.എം.ആർ –സുസജ്ജമായ
കോവിഡ് പ്രതിരോധ സംവിധാനങ്ങൾ ........6
മുതിർന്നവരിലെ ആശയവിനിമയം........8
ഒരാശംസ...(കവിത)........9
സൂര്യന്റെ ശവമടക്ക് (ചെറുകഥ)........9
നശാ മുക്ത് ഭാരത് ക്യാമ്പയിൻ........12
പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവീസസ് ........14
ആശ്രയ സായംപ്രഭ ഹോം........16
സഫലം (കവിത)........19
ട്രാൻസ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങൾ........20






Chief Editor

**Sheeba George IAS**
Director, Social Justice Department
Executive Director, NISH

**Jalaja S.**
**Harikumaran Nair A.K.**
**Chandrababu C.**
**Jayakumar P.**
**Swapna P.**
**Kishor S. J.**
**Subhash Kumar K.V.**
**Harikumar R. S.**
**Rineesh P.**
**Jose Kunju K.J.**
**Sapna K.**
**Renjith R. P.**

Editing | **Sapna K.** In-charge
Design & Layout | **Swapna P.,** Sr Graphic Artist
Centre for Communication & Media Development (CCMD), NISH

# 'കരുതാം വയോജനങ്ങളെ'

**വയോക്ഷേമ ജില്ലാ കോൾ സെന്റർ സംസ്ഥാനതല ഉദ്ഘാടനം**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്കും വീടുകളിൽ റിവേർസ് ക്വാറന്റയിനിൽ കഴിയുന്ന പ്രായമായവർക്കുമായി കേരള സർക്കാർ 'ഗ്രാൻഡ് കെയർ' എന്ന പേരിൽ ഒരു ബൃഹത് പദ്ധതി ആവിഷ്ക്കരിച്ചു. ആ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ കോവിഡ്-19 വയോക്ഷേമ ജില്ലാ കോൾ സെന്ററുകളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ സാമൂഹ്യനീതി വനിത ശിശുവികസന വകുപ്പ് മന്ത്രി കെ കെ ശൈലജ ടീച്ചർ ഓൺലൈനായി നിർവ്വഹിച്ചു. കോൾ സെന്ററിലേക്കുള്ള മന്ത്രിയുടെ ആദ്യ കോൾ എടുത്തത് എറണാകുളം ജില്ലാ കളക്ടർ സുഹാസാണ്.

കൂട്ടായ പ്രവർത്തനത്തിലൂടെ കോവിഡ് മരണനിരക്ക്, പ്രത്യേകിച്ച് വയോജനങ്ങളുടെ മരണ നിരക്ക് കുറയ്ക്കാൻ സാധിച്ചുവെന്ന് മന്ത്രി പറഞ്ഞു. പകർച്ച വ്യാധികൾ കൂടുതൽ അപകടകരമായി ബാധിക്കുന്നത് വയോജനങ്ങളെയാണ്. എന്നാൽ മികച്ച പ്രതിരോധ പ്രവർത്തനങ്ങളുടേയും ചികിത്സയുടേയും ഫലമായി മരണ നിരക്ക് വളരെ കുറച്ച് കൊണ്ടുവരാൻ സാധിച്ചു. എൻ.സി.ഡി. കൺട്രോൾ പദ്ധതി വഴി വയോജനങ്ങൾക്ക് വീടുകളിൽ മരുന്നെത്തിക്കാൻ കഴിഞ്ഞത് വളരെയേറെപ്പേർക്ക് സഹായകരമായി അൺലോക്കിൽ സർക്കാർ കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചതോടെ രോഗ വ്യാപന സാധ്യത കൂടുതലാണ്. അത് മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 47 ലക്ഷത്തോളം വരുന്ന വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളും അടിയന്തിര ആവശ്യങ്ങളും അറിയുന്നതിനും പരിഹരിക്കുന്നതിനും, അവരിൽ കോവിഡ് രോഗബാധ പ്രതിരോധിക്കുന്നതിനുമുള്ള നടപടികൾക്കായി ജില്ലാ തലത്തിൽ നിലവിലുള്ള വയോജന സെൽ വിപുലീകരിക്കുകയും കോൾ സെന്ററുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

രാവിലെ 6 മുതൽ രാത്രി 10 വരെയാണ് ഈ കോൾ സെന്ററുകൾ പ്രവർത്തിക്കുക. 20 ജീവനക്കാർ 2 ഷിഫ്റ്റുകളിലായാണ് സേവനമനുഷ്ഠിക്കുന്നത്. ഐ.സി.ഡി.എസ്. വഴി ഓരോ ജില്ലകളിലും നിന്നും വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഫോണുകളിലൂടെയാണ് ഇടപെടലുകൾ നടത്തുന്നത്. ആവശ്യമായവർക്ക് ചികിത്സയും മാനസികാരോഗ്യത്തിനായി കൗൺസിലിംഗും നൽകുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 619 വൃദ്ധസദനങ്ങളിൽ കഴിയുന്ന 21,000-ഓളം വയോജനങ്ങളിൽ ആന്റിജൻ ടെസ്റ്റ് നടത്തുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.



വയോക്ഷേമ ജില്ലാ കോൾ സെന്ററുകളുടെ സംസ്ഥാനതല ഉദ്ഘാടനം ശ്രീമതി കെ.കെ. ശൈലജ ടീച്ചർ നിർവഹിക്കുന്നു.

ഓരോ ജില്ലകളിലും പ്രവർത്തിക്കുന്ന വയോജന കോൾസെന്ററുകളുടെ ഡ്യൂട്ടിക്കായി ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. രാവിലെ 6 മുതൽ ഉച്ചയ്ക്ക് 2 വരെ ആദ്യ ഷിഫ്റ്റും ഉച്ചയ്ക്ക് 2 മുതൽ രാത്രി 10 വരെ രണ്ടാമത്തെ ഷിഫ്റ്റും ആയിട്ടാണ് ക്രമീകരണം. കോൾസെന്റർ ഡ്യൂട്ടിക്കായി ICDS സൂപ്പർവൈസർമാർ / അങ്കണവാടി വർക്കർ / വോളന്റിയർമാർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ വയോജനങ്ങൾക്കായി ഒരു താൽക്കാലിക ഹെൽപ്പ് ഡെസ്ക്കും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ബന്ധപ്പെടേണ്ട നമ്പർ– 1800 425 2147 (പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ)

**ഗ്രാൻഡ് കെയർ പദ്ധതി മുഖേന മൂന്ന് തലങ്ങളിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.**

അങ്കണവാടി പ്രവർത്തകർ, ആശാവർക്കർ, കുടുംബ ശ്രീ പ്രവർത്തകർ എന്നിവരുൾപ്പെട്ട ടീം ഫോൺ മുഖാന്തിരം നിരന്തരം ബന്ധപ്പെട്ട് വീടുകളിൽ കഴിയുന്ന വയോജനങ്ങളുടെ ആരോഗ്യസ്ഥിതി മനസിലാക്കുന്നതാണ്. ആരോഗ്യ കാര്യത്തിൽ ആശങ്ക ഉള്ളവരെയും രോഗം ഉണ്ടെന്ന് സംശയിക്കുന്നവരെയും ജില്ലാതല കോൾ സെന്ററിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ടെലി മെഡിസിൻ യൂണിറ്റുമായി ബന്ധപ്പെടാൻ നിർദ്ദേശിക്കും.

ടെലി മെഡിസിൻ യൂണിറ്റിന്റെ സേവനം ആവശ്യമുള്ളവർ വീഡിയോകോൾ മുഖേന ബന്ധപ്പെട്ട് രോഗവിവരങ്ങൾ മനസിലാക്കുകയും രോഗപ്രതിരോധത്തിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

നേരിട്ടുള്ള പരിശോധന വേണ്ടിവരുന്നവർക്കായി ഡോക്ടർമാർ ഉൾപ്പടെയുള്ള വയോമിത്രം ടീം അവരുടെ വീടുകളിൽ എത്തിച്ചേരുകയും ആവശ്യമായ നിർദ്ദേശങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതുമാണ്.

## വയോക്ഷേമ കോൾ സെന്ററുകൾ –ബന്ധപ്പെടേണ്ട നമ്പർ

ജില്ലാ തലത്തിൽ വയോജന സെല്ലിനോട് അനുബന്ധിച്ച് എല്ലാ ദിവസവും രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ പ്രവർത്തിക്കുന്ന കോൾ സെൻറർ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെടേണ്ട നമ്പർ ജില്ലാ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിരിക്കുന്നു.

| ജില്ല | ബന്ധപ്പെടേണ്ട നമ്പർ |
|---|---|
| തിരുവനന്തപുരം | 0471–2778450 |
| കൊല്ലം | 0474–2741510 |
| പത്തനംതിട്ട | 0468–2320100 |
| ആലപ്പുഴ | 0477–2257900 |
| ഇടുക്കി | 0486–2268000 |
| എറണാകുളം | 0484–2753800 |
| കോട്ടയം | 0481–2360610 |
| തൃശ്ശൂർ | 0487–2224050 |
| പാലക്കാട് | 0491–2001000 |
| മലപ്പുറം | 0483–2904050 |
| കോഴിക്കോട് | 0495–2761080 |
| കണ്ണൂർ | 0497–2831240 |
| വയനാട് | 04936–233000 |
| കാസർഗോഡ് | 0467–2289000 |


*വയോജന കോൾസെന്റർ*



**മാതൃകയാക്കാം ഈ സ്ഥാപനങ്ങളെ**



## അലൻ വെൽഫെയർ ട്രസ്റ്റ് – NDLC

2014 ൽ കോട്ടയം ജില്ലയിലെ ഒരു കൊച്ചുപട്ടണമായ ചങ്ങനാശ്ശേരിയിൽ തുടക്കം കുറിച്ച ALAN T21- NDLC, എന്ന സ്ഥാപനം ഇൻക്ലൂസ്സീവ് സൊസൈറ്റി എന്ന നവീന ആശയത്തിനായി യത്നിക്കുന്ന കേരളത്തിലെ ആദ്യത്തെ സ്ഥാപനങ്ങളിലൊന്നാണ്. 2015 ൽ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് രജിസ്ട്രേഷനും,, 2019 ൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരവും നേടിയിട്ടുണ്ട്. (Reg. No. 135/19). ഭിന്നശേഷിക്കാർക്ക് തുല്യ അവകാശവും, തുല്യ നീതിയും ഉറപ്പുവരുത്തുവാൻ യുണൈറ്റഡ് നേഷന്റേയും മറ്റ് പുരോഗമന രാജ്യങ്ങളുടേയും ഇൻക്ലൂസ്സീവ് ലിവിംഗ് എന്ന ആശയം കേരളത്തിലെ സമൂഹത്തിലും വളർത്തിയെടുത്ത് മാതൃകാ സംസ്ഥാനമായി കേരളത്തെ ഉയർത്തുകയെന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യ പ്രാപ്തിക്കായി തികച്ചും വേറിട്ട രീതിയിൽ പ്രവർത്തിച്ചു വരുന്ന ALAN T21 ന്റെ പ്രവർത്തനങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നത് മാതാപിതാക്കൾതന്നെയാണ്.

'ഡൗൺ സിൻഡ്രോം ഇന്റർനാഷണലി'ന്റേയും 'ഫെഡറേഷൻ ഓഫ് ഇന്ത്യ'യുടേയും അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും അത്തരം വെല്ലുവിളി നേരിടുന്ന TRISOMY21ലെ കുട്ടികൾക്കുമാണ് പ്രധാനമായും ട്രെയിനിംഗും, തെറാപ്പിയും നൽകി വരുന്നത്. തങ്ങളുടെ കുട്ടികൾക്ക് ഏതെങ്കിലും വിധത്തിലുള്ള ഡെവലപ്പ്മെന്റൽ ഡിലേ തിരിച്ചറിയുന്ന നാൾ മുതൽ മാതാപിതാക്കൾക്ക് കുട്ടികളുടെ ഓരോ വളർച്ചാഘട്ടത്തിനും അനുസൃതമായ കൗൺസിലിംഗ്, ഗൈഡൻസ്, ട്രെയിനിംഗ് എന്നിവ നല്കി വരുന്നു. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ പ്രത്യേകതകൾ ഗൗരവപൂർവ്വം ഉൾക്കൊണ്ട് അനുയോജ്യമായ രക്ഷാകർതൃശൈലി വികസിപ്പിക്കുന്നതിലൂടെ സ്വാഭാവികരീതിയിൽ തന്നെ ഈ കുട്ടികളേയും വളർത്തിയെടുക്കുവാൻ സാധിക്കും.

ശാരീരിക വളർച്ചയുടേയും ബുദ്ധിവികാസത്തിന്റേയും പ്രായം 0 മുതൽ 6 വയസ്സ് ആയതിനാൽ ഈ പ്രായത്തിൽ എത്തുന്ന കുട്ടികൾക്കായി സ്പീച്ച് തെറാപ്പി, ഒക്യൂപേഷണൽ തെറാപ്പി, ന്യൂറോ മസ്കുലർ സ്റ്റിമുലേഷൻ, ഫിസിക്കൽ എക്സർസൈസ്, യോഗ മുതലായവ നൽകിവരുന്നു. ഇതോടൊപ്പം മാതാപിതാക്കൾക്കും തങ്ങളുടെ മക്കൾക്ക് ഹോം തെറാപ്പി തുടരാൻ വേണ്ട ഗൈഡൻസ് നൽകിവരുന്നു. കൂടാതെ ഇൻക്ലൂസ്സീവ് എഡ്യൂക്കേഷനിലേക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി അക്കാഡമിക് ഫോർമേഷനും നടത്തിവരുന്നു. റെഗുലർ സ്കൂളിൽപോയി തുടങ്ങുന്ന കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് നൽകി അവരുടെ പഠന മേഖലയെ പരമാവധി വളർത്തിയെടുക്കുവാൻ മാതാപിതാക്കൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്യുന്നു.

കുട്ടികളെ സ്വയം പര്യാപ്തതയിലെത്തിക്കുക. അവരുടെ പ്രവർത്തനപരമായ കഴിവുകൾ പരമാവധി വികസിപ്പിക്കുക. ശരിയായ പേരന്റിംഗിലൂടെ ഇവരിൽ നല്ല സ്വഭാവ രൂപീകരണം കൈവരിക്കുക തൊഴിലധിഷ്ഠിത പരിശീലനങ്ങളിലൂടെ തൊഴിലിനുമുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക അതുവഴി മുഖ്യധാരാ ജീവിതം സാധ്യമാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ റിൻസി ജോസഫിന്റെ ദീർഘവീക്ഷണം. ഫീറ്റൽ മെഡിസിൻ, നേഴ്സിംഗ്, കൗൺസിലിംഗ്, സൈക്കോളജി, ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ എന്നീ വിഷയങ്ങളിൽ പ്രാഗത്ഭ്യം നേടിയ റിൻസി ജോസഫിന്റെ വേറിട്ട കാഴ്ച്ചപ്പാടുകളുടേയും ജീവിതസമർപ്പണത്തിന്റേയും പിന്നിൽ ഭിന്നശേഷിയുള്ള മകന്റെ ജീവിതവിജയമാണ്. തന്റെ അനുഭവങ്ങൾ മറ്റനേകം മാതാപിതാക്കൾക്കും അവരുടെ മക്കൾക്കും വഴികാട്ടിയാകുവാൻ സഹായകമായി.

തന്റെ ഫേസ്ബുക്ക് കൂട്ടായ്മയായ TRISOMY കേരളയിലൂടെ (https://m.facebook.com/alanfoundation2003) 1000 ൽപരം മാതാപിതാക്കൾക്ക് അറിവും, മാർഗ്ഗനിർദ്ദേശങ്ങളും നല്കിവരുന്നു. കൂടാതെ TRISOMY 21 ൽ ഉള്ള 300 ൽപരം മാതാപിതാക്കളുടെ വാട്സ് ആപ് കൂട്ടായ്മയിൽ നിരന്തരം അറിവും പ്രചോദനവും നല്കുന്ന ക്ലാസ്സുകളും നടത്തുന്നു.

ശ്രീമതി റിൻസി ജോസഫിന്റെ നേതൃത്വത്തിൽ ALAN T21-NDLC യുടെ സേവനം ഏറെ കുടുംബങ്ങളിലേക്ക് എത്തിക്കുവാൻ ഞങ്ങൾ യത്നിക്കുന്നു.

# വയോമിത്രം

## കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ



കോവിഡ് എന്ന മഹാമാരി മനുഷ്യകുലത്തെ ഒന്നടങ്കം മുൾമുനയിൽ നിർത്താൻ തുടങ്ങിയിട്ട് ഏകദേശം ഒരു വർഷമാകുന്നു. ലോകത്ത് ഇതിനോടകം ലക്ഷങ്ങളുടെ ജീവൻ കോവിഡ് മൂലം നഷ്ടമായി കഴിഞ്ഞു. ഇപ്പോഴും പ്രതിദിനം ആയിരക്കണക്കിനാളുകളാണ് കൊവിഡ് 19ന്റെ ഭാഗമായി മരിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവുമാദ്യം കോവിഡ് കേസ് കണ്ടു പിടിക്കപ്പെട്ടതും ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടതും കേരളത്തിലാണ്. എന്നിരുന്നാലും കേരളത്തിലും കോവിഡ് വ്യാപനം തുടരുന്നു. സർക്കാരിന്റേയും ജനങ്ങളുടേയും കൂട്ടായ ശ്രമംകൊണ്ട് നമുക്ക് അതിന്റെ തോതും മരണനിരക്കും താരതമ്യേന പിടിച്ചുനിർത്താനായിട്ടുണ്ട്. തുടർന്നും നമ്മുടെ ആരോഗ്യസംവിധാനങ്ങൾ ഉപയോഗിച്ച് മുന്നോട്ടു പോകാമെന്ന തീരുമാനം വളരെ നിർണായകവും പ്രസക്തവുമാണ്.

മുതിർന്ന പൗരൻമാരേയും കുട്ടികളേയും ഗർഭിണികളെയും മറ്റ് രോഗങ്ങളുള്ളവരേയുമാണ് കോവിഡ് ഗുരുതരമായി ബാധിക്കാനിടയുള്ളതെന്ന് വൈറസ് വ്യാപനത്തിന്റെ ആരംഭത്തിൽത്തന്നെ ബോധ്യപ്പെട്ടതാണ്. അതുകൊണ്ടുതന്നെ കേരളത്തിൽ ഈ വിഭാഗത്തോട് ഏറെ ജാഗ്രത പുലർത്താനാവശ്യപ്പെടുക മാത്രമല്ല അതിനുവേണ്ട നടപടികളും ചെയ്യുകയുണ്ടായി. കേരളത്തിലെ 8 ശതമാനം വയോജനങ്ങൾക്ക് കരുതലായി മാറിയ വയോമിത്രം പദ്ധതിയുടേയും അതിലെ ജീവനക്കാരുടേയും അവസരോചിതമായ ഇടപെടലുകൾ എടുത്തുപറയേണ്ടതാണ്.

കോറോണവ്യാപനത്തെ ചെറുത്തുനിർത്തുന്നതിൽ നിർണായകമായ 'ബ്രേക്ക് ദ ചെയിൻ' ക്യാമ്പയിൻ പരിപാടികളിൽ സജീവമായ ഇടപെടലുകളാണ് വയോമിത്രം നടത്തിയത്. പ്രചാരണം മാത്രമല്ല സാനിറ്റൈസർ, മാസ്ക് തുടങ്ങിയവ എല്ലാ ജില്ലകളിലേയും കളക്ടറേറ്റുകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെത്തിച്ചു. കോവിഡ് പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനായി എല്ലാ ജില്ലകളിലും കാർട്ടൂൺ മതിലുകൾ തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.

കോവിഡ് സാഹചര്യത്തിൽ വയോമിത്രം ക്യാമ്പുകൾ നടത്താനാകാത്തതിനാൽ, ആശാവർക്കർമാർ, അംഗനവാടി– കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ തദ്ദേശസ്വയംഭരണ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ എല്ലാ നഗരസഭകളിലേയും വയോജനങ്ങൾക്ക് രണ്ടാഴ്ചയിലൊരിക്കൽ, മരുന്ന് കൃത്യതയോടെ എത്തിക്കുന്നു. കൂടാതെ കോവിഡ് 19ന്റെ സങ്കീർണതയും ഗൗരവവും ബോധ്യപ്പെടുത്തുന്നതിന് വളരെ ജാഗ്രതയോടെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

നേരത്തെ വയോജനങ്ങൾക്കായി ക്ലിനിക്കുകൾ നടന്നിരുന്ന പ്രദേശങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട്, രോഗികളുടെ ഒാ .പി ബുക്ക് ബന്ധുക്കൾ വഴി സ്വീകരിച്ച്, വയോമിത്രം മെഡിക്കൽ ഓഫീസർമാർ വാട്സ്ആപ്പ് വഴിയും ടെലി കൺസൾട്ടേഷൻ വഴിയും രോഗികൾക്ക് വേണ്ട ആരോഗ്യപരിശോധന നല്കിവരുന്നു. 65 വയസിന് മുകളിൽ പ്രായമുള്ള വയോമിത്രം ഗുണഭോക്താക്കളായ 3.10 ലക്ഷം വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ കരുതലോടുകൂടിയുള്ള നടപടികൾ തുടർന്നും സ്വീകരിച്ചുവരികയാണ്.

കോവിഡ് 19 മായി ബന്ധപ്പെട്ട് വയോജനങ്ങൾക്കുണ്ടായ വിഷമങ്ങൾ പരിഹരിക്കുന്നതിന് സാമൂഹികനീതിവകുപ്പ് നടപ്പിലാക്കിയ 'ഗ്രാൻഡ് കെയർ' പദ്ധതിയിലൂടെ വൃദ്ധസദനങ്ങളിൽ പാർക്കുന്ന 21000 വയോജനങ്ങൾക്ക് പരിശോധനയും ചികിത്സയും എത്തിക്കാനുള്ള നടപടികളും വയോമിത്രത്തിന്റെ നേതൃത്വത്തിൽ പ്രാവർത്തികമായി.

കേരളത്തിലെ 43 ലക്ഷത്തോളംവരുന്ന വയോജനങ്ങൾ കോവിഡ് പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ റിവേഴ്സ് ക്വാറന്റൈനിൽ നേരിടുന്ന മാനസിക ശാരീരിക, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ വെബ്പോർട്ടൽ വഴി ലഭിച്ച ടെലിഫോൺ നമ്പറുകളിലൂടെ വിളിച്ച് അന്വേഷിക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും സന്നദ്ധസംഘടനകൾ വഴിയും എത്തിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളും 'വയോമിത്രം' ചെയ്തുവരുന്നു.


തിരുവനന്തപുരം ജില്ലയിൽ കോവിഡ് സൂപ്പർസ്പ്രെഡ് ഉണ്ടായത് കണക്കിലെടുത്ത് തീരദേശമേഖലകളിൽ വയോമിത്രം മെഡിക്കൽ ടീം വയോജനങ്ങളുടെ വീടുകൾ സന്ദർശിക്കുകയും അവർക്കുവേണ്ട മരുന്ന് സൗജന്യമായി നൽകുകയും ചെയ്തു. 12 മെഡിക്കൽ ടീമംഗങ്ങളെ തയ്യാറാക്കിയാണ് 'വയോമിത്രം' ഈ ഉദ്യമം വിജയകരമാക്കിയത്. തിരുവനന്തപുരം ജില്ലയിൽ പരിചരിക്കാനാരുമില്ലാത്ത, കോവിഡ് നെഗറ്റീവായ വയോജനങ്ങൾക്കായി റിവേഴ്സ് ക്വാറന്റൈൻ സെന്ററും തുടങ്ങി. കൂടാതെ അലഞ്ഞുനടക്കുന്ന യാചകർക്കുവേണ്ടി നഗരസഭയുമായി ചേർന്ന് യാചകപുനരധിവാസ കേന്ദ്രവും തിരുവനന്തപുരം വയോമിത്രം യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രാവർത്തികമാക്കുകയുണ്ടായി.




# ലോക വയോജന ദിനാചരണം

മുതിർന്ന പൗരന്മാരുടെ ക്ഷേമപ്രവർത്തനങ്ങളിലേയ്ക്കും ആവശ്യങ്ങളിലേയ്ക്കും സമൂഹത്തിന്റെ ശ്രദ്ധ പതിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യ രാഷ്ട്ര സഭ ഒക്ടോബർ – 1 ലോകാവയോജന ദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തത്.

വൃദ്ധരായ മാതാപിതാക്കളെ മക്കളും പേരക്കുട്ടികളും യാതൊരു പരിഗണനയും നൽകാതെ മാറ്റിനിർത്തുന്ന സാഹചര്യത്തിൽ അവരെ കുടുംബത്തിലെ മുഖ്യ കണ്ണിയായി നിലനിർത്തുകയും സന്തോഷകരമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കാൻ അവസരമൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഈ ദിനാചരണത്തിന്




പിന്നിൽ. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പും കേരള സർക്കാരും സംയുക്തമായി ലോക വയോജന ദിനം ആചരിച്ചു. ആരോഗ്യ സാമൂഹ്യ നീതി വനിത ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി കെ കെ ശൈലജ ടീച്ചർ ദിനാചരണം ഉദ്ഘാടനം ചെയ്തു. സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറി ശ്രീ ബിജു പ്രഭാകർ IAS ചടങ്ങിൽ അധ്യക്ഷത വഹിച്ചു .

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ മുഹമ്മദ് അഷീലും സംസ്ഥാന വയോജന കൗൺസിൽ കൺവീനറായ ശ്രീ. അമരവിള രാമകൃഷ്ണനും ആശംസ നൽകുകയും ചെയ്തു. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ശ്രീമതി ഷീബ ജോർജ് IAS സ്വാഗതം ആശംസിക്കുകയും സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ജലജ എസ്. കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

വയോജന ദിനാചരണത്തോടനുബന്ധിച്ച് മുതിർന്ന പൗരന്മാർ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളും അവരുടെ സംരക്ഷണം എങ്ങനെ ഉറപ്പ് വരുത്താം എന്ന വിഷയത്തിൽ സംഘടിപ്പിച്ച വെബ്ബിനാറിന് എൻ.സി.ഡി & എൽഡർലി കെയർ, ഡി എച്ച് എസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ ബിപിനും ജനറൽ മെഡിസിൻ കൺസൾട്ടന്റ് ഡോ. ശ്യാം സുന്ദറും നേതൃത്വം നൽകി.





# എൻ. ഐ.പി.എം.ആർ – സുസജ്ജമായ കോവിഡ് പ്രതിരോധ സംവിധാനങ്ങൾ

നൂറ്റാണ്ടിന്റെ മഹാമാരി എന്നറിയപ്പെടുന്ന കോവിഡ് 19 സമഗ്ര മേഖലയുടേയും പ്രവർത്തനങ്ങളുടെ താളം തെറ്റിച്ചിരിക്കുകയാണ്. എല്ലാ വിഭാഗം ജനങ്ങളേയും ഈ മഹാമാരി ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബാധിച്ചിട്ടുണ്ട്. അത് ഏറ്റവും അധികം ബാധിച്ചത് ഭിന്നശേഷിക്കാരെയാണ്. സ്ഥിരമായി ലഭിച്ചു കൊണ്ടിരുന്ന തെറാപ്പികൾ മുടങ്ങി പോയത് ഈ വിഭാഗം ജനങ്ങളുടെ ശാരീരികവും മാനസീകവുമായ സ്വാസ്ഥ്യത്തെ സാരമായി ബാധിച്ചു. രോഗ വ്യാപനം തടയുകയും ഒപ്പം തെറാപ്പികൾ തുടരുകയും ചെയ്യുക എന്നത് ഒരു കനത്ത വെല്ലുവിളിയാണ്. കുറഞ്ഞത് 45 മിനുട്ട് എങ്കിലും തെറാപ്പിസ്റ്റും രോഗിയും അടുത്ത് ഇടപഴകാതെ തെറാപ്പി ഫലപ്രദമാവുകയില്ല. രോഗിയിൽ നിന്നും തെറാപ്പിസ്റ്റിലേക്കും തെറാപ്പിസ്റ്റിൽ നിന്നു രോഗിയിലേക്കും രോഗപകർച്ച ഉണ്ടാകാതെ തടയേണ്ടത് ആവശ്യമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് രോഗപ്രതിരോധത്തിനായി മാതൃകാപരമായ ഒരു പ്രവർത്തന നടപടി ക്രമത്തിന് (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ) എൻ.ഐ.പി.എം.ആർ രൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു.

## തെറാപ്പി ക്യുബിക്കിൾ

കോവിഡ് പകർച്ച തടയുവാൻ ഏറ്റവും ഫലപ്രദമായ മാർഗമാണ് മാസ്ക്. എന്നാൽ സംസാര–ഭാഷാ പ്രശ്നമുള്ള കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ മാസ്ക് ഉപയോഗിക്കാൻ കഴിയില്ല. കാരണം ചുണ്ട്, നാവ് എന്നിവയുടെ ചലനങ്ങൾ കണ്ടു മനസിലാക്കേണ്ടത് ആവശ്യമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് എൻ.ഐ.പി.എം.ആർ പ്രത്യേകമായി തെറാപ്പി ക്യുബിക്കിൾ രൂപ കൽപ്പന ചെയ്തു. സുതാര്യമായ ഗ്ലാസ് ക്യുബിക്കിളിന്റെ ഉള്ളിൽ ഇരുന്ന് സ്പീച്ച് തെറാപ്പിസ്റ്റിന് കുട്ടികൾക്ക് പരിശീലനം നൽകാൻ സാധിക്കും. അതു പോലെ തന്നെ സൈക്കോ തെറാപ്പി സെഷനുകൾ കൈകാര്യം ചെയ്യുമ്പോൾ ഉപഭോക്താവിന്റെ വൈകാരിക ഭാവങ്ങൾ തിരിച്ചറിയാൻ മാസ്ക് ഒരു തടസമാണ്. അതിനാൽ സൈക്കോ തെറാപ്പിക്കും ക്യുബിക്കിൾസ് വികസിപ്പിക്കുകയുണ്ടായി.



## ഗ്രൂപ്പ് തെറാപ്പി ക്യാബിനുകൾ

അനുകരണം പഠനത്തിനും ചികിത്സയ്ക്കും പ്രയോജനപ്രദമായ ഒരു രീതിയാണ്. ആയതിനാൽ ഗ്രൂപ്പ് തെറാപ്പി സെഷനുകളിലൂടെ വിവിധ തെറാപ്പി പദ്ധതികൾ പ്രയോജനപ്പെടുത്തി വന്നിരുന്നു. എന്നാൽ കോവിഡ് ബാധ ഗ്രൂപ്പ് തെറാപ്പി സെഷനുകൾ നടത്തുന്നതിന് തികച്ചും തടസമായി. അതു പരിഹരിക്കുന്നതിനായി ഗ്രൂപ്പ് തെറാപ്പി മുറിയിൽ ഓരോ കുട്ടിക്കും ഓരോ ക്യാബിൻ എന്ന രീതിയിൽ സജ്ജീകരിക്കുകയും, തെറാപ്പിസ്റ്റ് ക്യാബിന്റെ നടുവിൽ നിന്നുകൊണ്ട് ഗ്രൂപ്പ് സെഷനുകൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. കുട്ടികളിൽ നിന്നും തെറാപ്പിസ്റ്റിലേക്കോ, തെറാപ്പിസ്റ്റിൽ നിന്ന് കുട്ടികളിലേക്കോ രോഗം പകരുന്നതിനുള്ള സാധ്യത ഈ ക്രമീകരണങ്ങൾ വഴി കുറയുന്നു.




## ടെലി തെറാപ്പി

കോവിഡ് ബാധ കാരണം യാത്രാ സൗകര്യം ഇല്ലാതായ സാഹചര്യത്തിൽ തെറാപ്പികൾ മുടങ്ങാതിരിക്കാൻ എൻ.ഐ.പി.എം.ആർ വാട്ട്സ് ആപ്പ്, ഗൂഗിൾ മീറ്റ്, സൂം എന്നീ പ്ലാറ്റ്ഫോമിലൂടെ ടെലി തെറാപ്പി സംവിധാനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഡോക്ടർമാരുടെ സേവനം, അസസ്സ്മെൻറ്, തെറാപ്പി എന്നിവയെല്ലാം ഈ വിദൂര ചികിത്സാ സംവിധാനത്തിലൂടെ ഫലപ്രദമായി നടത്തി വരുന്നു. ഇതിനാവശ്യമായ കണക്റ്റിവിറ്റി ഐപാഡുകൾ, കമ്പ്യൂട്ടറുകൾ, ഹെഡ്ഫോണുകൾ എന്നിവ വാങ്ങുകയും അതിനാവശ്യമായ പ്രത്യേക സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ചെയ്തു. ആയതിനാൽ രോഗികളുടെ സ്വകാര്യത ഉറപ്പാക്കികൊണ്ട് തന്നെ ടെലി തെറാപ്പി സംവിധാനങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയും. 'ബ്രേക്ക് ദ ചെയിൻ' മാനദണ്ഡപ്രകാരം ഇത്തരം സംവിധാനങ്ങൾ ഒരുക്കാൻ സാമ്പത്തിക സഹായം നൽകിയത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആണ്.

## 'സന'– സൂക്ഷ്മ ചലന പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്കുള്ള സഹായ ഉപകരണം

ഭിന്നശേഷിക്കാരായ കുട്ടികൾക്ക്, പ്രത്യേകിച്ചും സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് പേനയോ, പെൻസിലോ ശരിയായി പിടിക്കുന്നതിനോ, അക്ഷരങ്ങളോ, അക്കങ്ങളോ കൃത്യമായി ചൂണ്ടിക്കാട്ടുന്നതിനോ കഴിയാറില്ല. പാഠഭാഗങ്ങൾ ശരിക്കും ഗ്രഹിക്കാൻ കഴിയുമെങ്കിലും (cognitive skill) അവ എഴുതി ഫലിപ്പിക്കുന്നതിനും, ശരി ഉത്തരം ചൂണ്ടിക്കാട്ടുന്നതിനും അവർ പ്രയാസം നേരിടുന്നു. ഈ ബുദ്ധിമുട്ട് മറികടക്കുന്നതിനായി NIPMR വികസിപ്പിച്ചെടുത്ത സഹായ ഉപാധിയാണ് 'സന' (SANA- Stamp Based Assistive Device for Numerical Assistance)




റബ്ബർ സ്റ്റാമ്പുകൾ കാണാത്തവരായി നാം ആരും ഉണ്ടാവുകയില്ല. ഉദ്യോഗസ്ഥരുടെ പേരും, സ്ഥാനപേരും പതിക്കുന്നതിനും, ബാങ്കുകളിലും സർക്കാർ ഓഫീസുകളിലും തിയ്യതികൾ രേഖപ്പെടുത്തുന്നതിനും അനുയോജ്യമായി രൂപകൽപ്പന ചെയ്ത റബ്ബർ സ്റ്റാമ്പുകൾ ഉപയോഗിക്കുന്നുണ്ട്. ലളിതവും സൗകര്യപ്രദവുമായ ഈ സാങ്കേതിക വിദ്യയെ ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനു വിനിയോഗിക്കാമെന്ന ചിന്തയാണ് 'സന' എന്ന സഹായ ഉപകരണത്തിന്റെ നിർമാണത്തിലേക്ക് നയിച്ചത്. '3+2=5' എന്ന് കുട്ടിക്ക് അറിയാമെങ്കിലും '5' എന്ന അക്കം പേന കൊണ്ടോ, പെൻസിൽ കൊണ്ടോ രേഖപ്പെടുത്താൻ കഴിയാതിരിക്കുകയും ശരിയുത്തരം കൃത്യമായി ചൂണ്ടികാട്ടാൻ കഴിയാൻ പറ്റാതിരിക്കുന്ന അവസ്ഥ ഉണ്ട്. ആഗ്രഹിക്കുന്ന തരത്തിൽ വിരലുകൾ ഉപയോഗിക്കാൻ കഴിയാത്ത കുട്ടികൾക്ക് 'സന' ഒരു അനുഗ്രഹമാണ്. 'സന' ഒരു സെൽഫ് ഇംക്ഡ് നമ്പർ സ്റ്റാമ്പ് ആണ്. ഇത് പൂജ്യം മുതൽ പത്ത് വരെ സംഖ്യകളും മറ്റു ചിഹ്നങ്ങളും വെവ്വേറെ സ്റ്റാമ്പുകളിൽ രേഖപ്പെടുത്തിയ ഒരു സെറ്റ് ആണ്. അല്പം പ്രയാസപ്പെട്ടാണെങ്കിലും കുട്ടികൾക്ക് സ്റ്റാമ്പ് കൈയിൽ എടുത്ത് പേപ്പറിൽ ശരിയുത്തരം പതിപ്പിക്കുന്നതിനു കഴിയും. ചോദ്യപേപ്പറിൽ രേഖപ്പെടുത്തിയിരിക്കുന്ന കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം തുടങ്ങിയ ക്രിയകളുടെ ഉത്തരം കുട്ടിയ്ക്ക് സ്റ്റാമ്പ് ഉപയോഗിച്ച് രേഖപ്പെടുത്താൻ കഴിയും.

എൻ.ഐ.പി.എം.ആറിലെ സ്പെഷ്യൽ എഡ്യുക്കേറ്റർ ആയ ശ്രീമതി അനു അഗസ്റ്റിൻ ആണ് 2018 ഡിസംബർ മാസം അവസാനത്തോടു കൂടി ഈ സംവിധാനം ആവിഷ്കരിച്ചത്. ഇതിന്റെ ഉപയോഗം കുട്ടികളിൽ ചെറുതല്ലാത്ത ആത്മവിശ്വാസം ജനിപ്പിക്കുന്നതിനു സഹായിച്ചിട്ടുണ്ട്. 'സന' സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അക്ഷരങ്ങളുടെ സ്റ്റാമ്പ് പാഡും ശ്രീമതി അനു അഗസ്റ്റിൻ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് കുട്ടികൾക്ക് വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുന്നതിനും, വാക്കുകൾ രേഖപ്പെടുത്തുന്നതിനും കഴിയും.



ചിത്രം: അഞ്ജന എം. യു
NIPMR



# മുതിർന്നവരിലെ ആശയവിനിമയം

പ്രായമായവരുടെ ഫലപ്രദമായ
ആശയവിനിമയത്തിനായി
കൊഗ്നിറ്റീവ് ഹെൽത്ത്
മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

### ? എന്താണ് കോഗ്നിറ്റീവ് ഹെൽത്ത് ?

വ്യക്തമായി ചിന്തിക്കാനും ഓർമ്മിക്കാനും പഠിക്കാനും ആസൂത്രണം ചെയ്യാനും ക്രമീകരിക്കുവാനുമുള്ള കഴിവാണ് കോഗ്നിറ്റീവ് ഹെൽത്ത്. ഇത് മസ്തിഷ്ക ആരോഗ്യത്തിന്റെ ഒരു പ്രധാന ഭാഗമാണ്.

### ? എന്താണ് കോഗ്നിറ്റീവ് കമ്മ്യൂണിക്കേഷൻ ?

ഭാഷയോടൊപ്പം പലതരത്തിലുള്ള ബൗദ്ധിക പ്രവർത്തനങ്ങളായ ഓർമശക്തി, ശ്രദ്ധ കേന്ദ്രീകരിക്കൽ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ എന്നിവ ക്രോഡീകരിച്ച് ഫലപ്രദമായ രീതിയിൽ വ്യക്തികൾ തമ്മിൽ ആശയ വിനിമയം നടത്തുന്നതിനെയാണ് കോഗ്നിറ്റീവ് കമ്മ്യൂണിക്കേഷൻ എന്ന് പറയുന്നത്.

### ? പ്രായം കൂടുന്നതനുസരിച്ച് കൊഗ്നീഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാവുന്നത്?

പ്രായം കൂടുന്നതനുസരിച്ച് ഇന്ദ്രിയങ്ങൾ ശരിയായി ഉപയോഗിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാവുന്നു, ശ്രദ്ധകുറവ്, വിവരങ്ങൾ ഗ്രഹിക്കുവാൻ കൂടുതൽ സമയം ആവശ്യമായി വരുക, ഓർമ്മകുറവ്, വാക്കുകൾ ഓർത്തെടുക്കുവാനുള്ള ബുദ്ധിമുട്ട്, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഒന്നിലേറെ കാര്യങ്ങൾ ചെയ്യുന്നതിനും ബുദ്ധിമുട്ട് എന്നിവയും അനുഭവപ്പെടുന്നു.

### ? ഏത് വയസ്സിലാണ് മേൽപറഞ്ഞ പ്രശ്നങ്ങൾ വരാനുള്ള സാധ്യത?

മധ്യവയസ്സിലോ 50 വയസ്സിനു മുമ്പോ പ്രായവുമായി ബന്ധപ്പെട്ട് കോഗ്നിറ്റീവ് കഴിവുകളിൽ കുറവ് കണ്ടു വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

### ? കോഗ്നിറ്റീവ് ഹെൽത്ത് നിലനിർത്തുന്നതിനു വേണ്ടി മസ്തിഷ്കത്തിനു വ്യായാമം നൽകേണ്ട തിന്റെ പ്രാധാന്യം എന്താണ്?

തലച്ചോറിന്റെ വിവിധ ഭാഗങ്ങളാണ് ഒരു വ്യക്തിയുടെ ദൈനംദിന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. ഈ ഭാഗങ്ങൾ വേണ്ടവിധം ഉപയോഗിച്ചില്ല എന്നുണ്ടെങ്കിൽ കാലക്രമേണ അവയുടെ ശക്തി കുറഞ്ഞുവരും. മാനസിക വ്യായാമങ്ങളിലൂടെ ഏകാഗ്രത, ഓർമ്മ, ശ്രദ്ധ മുതലായവയുമായി ബന്ധപ്പെട്ട കഴിവുകൾ വർദ്ധിപ്പിക്കാനും ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കും സംരക്ഷിക്കാനും കഴിയും.

### ? കോഗ്നിറ്റീവ് ഹെൽത്ത് എങ്ങനെ നിലനിർത്താം?

ശാരീരിക വ്യായാമങ്ങൾ ആരോഗ്യപരമായ ഭക്ഷണരീതി, മതിയായ ഉറക്കം, നല്ല സാമൂഹിക ഇടപെടലുകൾ, ഇലക്ട്രോണിക് ഗാഡ്ജെറ്റുകളെ ആശ്രയിക്കുന്ന തിനേക്കാൾ കൂടുതൽ മാനസിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നിവയിലൂടെ ആരോഗ്യപരമായ ജീവിതശൈലി വികസിപ്പിച്ചെടുത്ത് കോഗ്നിറ്റീവ് ഹെൽത്ത് നിലനിർത്താം.

### ? എന്താണ് ഡിമെൻഷ്യ?

ഒരു കോഗ്നിറ്റീവ് കമ്മ്യൂണിക്കേഷൻ ഡിസോർഡറാണ് ഡിമെൻഷ്യ. ചിന്താശേഷി, ഓർമ്മ, യുക്തിപരമായ ചിന്തകൾ സാമൂഹ്യഇടപെടലുകൾ എന്നിവ കുറയ്ക്കുന്നതിനു ഡിമെൻഷ്യ കാരണമാകുന്നു. മസ്തിഷ്കത്തിലെ നാഡീകോശങ്ങളും നാഡീകോശങ്ങളുടെ ബന്ധങ്ങളും നഷ്ടപ്പെട്ടു പോവുന്നതാണ് ഡിമെൻഷ്യക്ക് കാരണമാവുന്നത്.

### ? ഞാൻ കാര്യങ്ങൾ മറന്നുകൊണ്ടിരിക്കുന്നു, എനിക്ക് ഡിമെൻഷ്യ ഉണ്ടോ?

വാർദ്ധക്യത്തിലേക്കു കടക്കുമ്പോൾ ഓർമക്കുറവ് ഉണ്ടാവുന്നത് സാധാരണമാണ്. അതായത് ആളുകളുടെ പേരുകൾ മറന്നുപോവുക, ഒരു സാധനം വെച്ച സ്ഥലം മറക്കുക മുതലായവ. എന്നാൽ ഡിമെൻഷ്യ ഉള്ളവരിൽ ഇടയ്ക്കിടെ പേരുകൾ മറന്നുപോവുന്നതിനേക്കാളും ഓർമക്കുറവ് ഉണ്ടാവുകയും, അത് ക്രമേണ കൂടി വരികയും ചെയ്യുന്നു. ഡിമെൻഷ്യ ഉള്ള വ്യക്തികളിൽ ദൈനംദിനം ചെയ്യേണ്ടി വരുന്ന കാര്യങ്ങളായ ഡ്രൈവിംഗ്, കുളിക്കുക, വസ്ത്രധാരണം അല്ലെങ്കിൽ അടുത്ത സുഹൃത്തുക്കളെയും കുടുംബാംഗങ്ങളെയും തിരിച്ചറിയുക എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നു.

### ? ഡിമെൻഷ്യ ഉണ്ടാവുന്നത് തടയാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ?

ഡിമെൻഷ്യയെ എങ്ങനെ തടയാം എന്നതിന് വ്യക്തമായ തെളിവുകളില്ല; എന്നിരുന്നാലും, ശാരീരികവും മാനസികവുമായ വ്യായാമങ്ങൾ, ആരോഗ്യകരമായ ഭക്ഷണരീതി, മതിയായ ഉറക്കം, സാമൂഹിക സമ്പർക്കങ്ങളെ പരിപോഷിപ്പിക്കുക എന്നിവ ഉൾപ്പെടുന്ന ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുന്നതിലൂടെ ഒരാൾക്ക് ഡിമെൻഷ്യയുടെ ആരംഭം വൈകിപ്പിക്കാൻ കഴിയും.

### ? മസ്തിഷ്കവ്യായാമം ചെയ്യുന്നതിലൂടെ കോഗ്നിറ്റീവ് ഹെൽത്തും അതുമായി ബന്ധപ്പെട്ട കഴിവുകളും എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും ?

പാരിസ്ഥിതിക ഉത്തേജനം അനുസരിച്ച് സ്വയം പുനഃക്രമീകരിക്കുവാനുള്ള കഴിവ് മസ്തിഷ്കത്തിന് ഉണ്ട്. ഒരു വ്യക്തി കോഗ്നിറ്റീവ് / ബൗദ്ധിക വ്യായാമങ്ങളിലോ പ്രവർത്തനങ്ങളിലോ ഏർപ്പെടുമ്പോൾ, അത് മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിൽ മാറ്റങ്ങൾ വരുത്തുകയും അതുവഴി തലച്ചോറിനുള്ളിലെ ഭാഗങ്ങളുടെ പ്രവർത്തനങ്ങളും ബന്ധങ്ങളും വർദ്ധിപ്പിക്കുകയും കോഗ്നിറ്റീവ് ഹെൽത്തും അതുമായി ബന്ധപ്പെട്ട കഴിവുകളും മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

കേരളാ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)- സംയുക്തമായി നടത്തുന്ന ഓൺലൈൻ ഡിസെബിലിറ്റി അവെയർനെസ്സ് സെമിനാർ 'നിഡാസ്'-ന്റെ ഒരു അദ്ധ്യായത്തിൽ നിന്നുള്ള പ്രസക്തമായ ചോദ്യോത്തരങ്ങൾ ആണ് ഇവിടെ കൊടുത്തിരിക്കുന്നത്.


**കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക:**

**നിഡാസ് ടീം**
ഫോൺ: 0471-2944675

**ഡോ. വിനിത മേരി ജോർജ്ജ്**
അസിസ്റ്റന്റ് പ്രൊഫസർ & എച്ച്.ഒ.ഡി
ഓഡിയോളജി, സ്പീച്ച് ലാംഗ്വേജ് പാത്തോളജി വകുപ്പ്,
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)
തിരുവനന്തപുരം
ഫോൺ: 0471 2944676


ചെറുകഥ

## സൂര്യന്റെ ശവമടക്ക്

കടൽ വക്കിൽ സൂര്യൻ പറഞ്ഞു "നാളെ പുലർച്ചെ കാണാം." ചാഞ്ഞു പെയ്യുന്ന മഴയെ നോക്കാതെ ഞാൻ കടപ്പുറത്തെത്തി തിരക്കി സൂര്യനെ, എന്തേ സൂര്യൻ വൈകുന്നു. ആഞ്ഞടിച്ച തിരമാലയോടൊപ്പം എത്തിയ വെള്ളത്തുള്ളികൾ എന്റെ കവിളത്തു പതിയ്ക്കവേ പറന്നെത്തിയ കൊടുങ്കാറ്റ് പറഞ്ഞു- "സൂര്യന്റെ ശവമടക്കാണ് ഇന്ന്. പോരുന്നോ? എന്നോടൊപ്പം ശവമടക്കത്തിന് പങ്കെടുക്കാം."ഒരു പിടി കടപ്പുറം മണ്ണ് വാരി സൂര്യന് അന്ത്യയാത്ര പറയാൻ തിരിയ്ക്കവെ, പതിയെ സൂര്യൻ പൊന്തുന്നു. "കടപ്പുറം മണ്ണുമായി എങ്ങോട്ടാ, നേരം ഉച്ചയായി പോയി ഭക്ഷണം കഴിച്ചു വരു. നമുക്ക് ഒത്തിരി സംസാരിക്കുവാനുണ്ട്."




സെൻസൺ എൽസ
ബൈൻഡർ
സാമൂഹ്യനീതി വകുപ്പ്


## ഒരാശംസ...

കവിത

ഈ പുതുപൊൻ പുലരിയുടെ
നെറുകയിൽ വിളങ്ങുവാൻ
സോദരീ നിനക്കും നിൻ
കുടുംബത്തിനും കുടുംബാംഗം
പോൽ നീ കരുതുന്നവർക്കും,
പതറാതെ നീ കാട്ടുന്ന
കരളുറപ്പിനാലും
ഊർജ്ജസ്വലതയാലും
കരുത്തുപകരട്ടെ......
പൂർണമായിട്ടൊന്നുമില്ലെയീ-
പാരിലെങ്കിലും
പൂർണതയോടടുക്കുവാൻ-
പോന്ന പൊന്മുത്തുകൾ
നിൻ നാവിലും മനതാരിലും
വിളയുവാൻ കഴിയുമാറാകട്ടെ......




ഷിജു ആർ.വി
അധ്യാപകൻ (ഫൈൻ ആർട്സ് വിഭാഗം)
നിഷ്


അവർ വിളിപ്പുറത്തുണ്ടായിരുന്നു; സങ്കടങ്ങൾ പങ്കിട്ട് വയോധികർ
Help for the elderly is now j
away
STAFF REPORTER
District administration's call centre reaches out to
വയോക്ഷേമ കോൾസെന്റർ പ്രവർത്തനമാരംഭിച്ചു.
വയോക്ഷേമ കോൾസെന്റർ പ്രവർത്തനമാരംഭി
ഏഷ്യൻ മെട്രോ ന്യൂസ്
www.asianmetronews.c
വയോക്ഷേമ കോൾ സെന്റർ ഇന്ന് ബഹു പാലക്കാട് ജില്ലാ കളക്ടർ ഡി.ബാലമുരളി IAS സന്ദർശിച്ചു.
ദേശാഭിമാനി
ആശ്വാസത്തിന്റെ അരലക്ഷം വിളികൾ
രാരൻ ചേട്ടന് ഇനി ഇരിക്കാം ഒരു കൈത്താങ്ങില്ലാതെ
വയോജന ക്ഷേമ കോൾ സെന്റർ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു
കരുതാം വയോജനങ്ങളെ, അകറ്റാം മഹാമാരിയെ
തൃശൂരിൽ വയോക്ഷേമ കോൾസെന്റർ ആരംഭിച്ചു
മംഗളം
Sat, 12 September 2020
ഇന്ന് ലോക വയോജന ദിനം
മാതൃകയായി ആലപ്പുഴയിലെ വയോക്ഷേമ കാൾ സെന്റർ
ഭക്ഷണമുണ്ടോ ? മരുന്നുണ്ടോ...
ക്ഷേമം ഉറപ്പാക്കാൻ സർക്കാരുണ്ട്
സ്വന്തം ലേഖകൻ

# നശാ മുക്ത് ഭാരത് ക്യാമ്പയിൻ

മലപ്പുറം ജില്ലയിൽ നശാ മുക്ത് ഭാരത് ക്യാമ്പയിനിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രോഗ്രാമുകളുടെ റിപ്പോർട്ട്




ഭാരത സർക്കാർ, സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുള്ള നശാ മുക്ത് ഭാരത് ക്യാമ്പയിനിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല മോണിട്ടറിങ് കമ്മറ്റി 2020 സെപ്തംബർ 15 ന് രൂപവത്കരിച്ചു. നശാ മുക്ത് ഭാരത് ക്യാമ്പയിനിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരളസംസ്ഥാനസർക്കാരിന്റെ വിമുക്തി മിഷനുമായി സഹകരിച്ചുകൊണ്ട് ജില്ലയ്ക്ക് അനുയോജ്യമായ രീതിയിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും കൂടുതൽ വിപുലമായ കമ്മിറ്റി രൂപപ്പെടുത്തുന്നതിനും തീരുമാനമെടുക്കുകയുണ്ടായി.

2020 ഒക്ടോബർ മാസം 13 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന വെബ്ബിനാർ വഴി വിപുലമായ ജില്ലാ മോണട്ടറിങ് കമ്മറ്റിയുടെ ആദ്യയോഗം കളക്ട്രേറ്റിൽ ചേരുകയുണ്ടായി. മലപ്പുറം ജില്ലയിൽ നടപ്പിലാക്കാനുദ്ദേശിയ്ക്കുന്ന തനതുപദ്ധതികളുടെ ആക്ഷൻ പ്ലാനിൽ പുതിയ പദ്ധതികൾകൂടി ഉൾക്കൊള്ളിയ്ക്കുന്നതിന് അതാത് ഡിപ്പാർട്ടുമെന്റുകൾക്ക് കളക്ടർ നിർദ്ദേശം നല്കുകയും പദ്ധതിരൂപരേഖ തയ്യാറാക്കി 25.10.2020 ന് മുമ്പ് സമർപ്പിയ്ക്കുന്നതിന് തീരുമാനമെടുക്കുകയുമുണ്ടായി. അതനുസരിച്ച് ഡിപ്പാർട്ടുമെൻറുകൾ എൻ.ജി.ഒ മാരുമായിച്ചേർന്ന് വിവിധ പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നു.

## വേൾഡ് സ്റ്റുഡൻസ് ഡേ - ലഹരിവിരുദ്ധ പ്രതിജ്ഞ

സാമൂഹ്യ നീതിവകുപ്പിന്റെ നിർദ്ദേശാനുസരണം 2020 ഒക്ടോബർ മാസം 15 -ാം തീയതി വേൾഡ് സ്റ്റുഡന്റ്സ് ഡേയിൽ നശാമുക്ത് ഭാരത് ക്യാമ്പയിനിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ മൂവായിരത്തിലധികം വീടുകളിലായി 10000 ൽ അധികം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞയെടുത്തു. സ്കൗട്ട് & ഗൈഡ്സ്, NSS, NCC, SPC,JRC വിദ്യാർത്ഥികളും അദ്ധ്യാപകരും സജീവമായി പ്രതിജ്ഞാ പരിപാടിയിൽ പങ്കെടുത്തു. അതോടൊപ്പം കുടുംബശ്രീയുടെ കീഴിലുള്ള രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന സ്നേഹിത വിജിലൻറ് ഗ്രൂപ്പ് അംഗങ്ങളും വീടുകൾ കേന്ദ്രീകരിച്ച് പ്രതിജ്ഞാ പരിപാടികൾ സംഘടിപ്പിയ്ക്കുകയുണ്ടായി. കൂടാതെ വനിത ശിശുവികസന വകുപ്പിനു കീഴിൽ വരുന്ന സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലേഴ്സും ഒ.ആർ.സികോ-ഓർഡിനേറ്റർമാരും വിവിധയിടങ്ങളിലായി ഓൺലൈൻ പ്ലാറ്റ് ഫോം ഉപയോഗിച്ചുകൊണ്ടും അല്ലാതെയും പരിപാടിയിൽ സംബന്ധിച്ചു. പ്രതിജ്ഞചൊല്ലൽ ചടങ്ങിനായി പല സ്കൂളുകളും വലിയ സ്ക്രീനുകൾ ഉപയോഗിച്ച് സൂം, ഗൂഗിൾ മീറ്റ് തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ സജ്ജീകരിച്ചാണ് പരിപാടിയിൽ പങ്കുചേർന്നത്.

ജില്ലയിൽ രാവിലെ 11 മണിയ്ക്കാണ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലൽ നടന്നത്. വീടുകളിൽ വിദ്യാർത്ഥികൾക്കൊപ്പം മാതാപിതാക്കളും കൊച്ചുകുട്ടികളും പ്രായം ചെന്നവരും കുടുംബാംഗങ്ങൾ ആകെത്തന്നെയും പ്രതിജ്ഞ ചൊല്ലലിൽ പങ്കെടുത്തത് വേറിട്ടകാഴ്ചയായി മാറി. വളരെ ജനശ്രദ്ധ പിടിച്ചുപറ്റിയ ഈ പരിപാടി ഏറെ ചർച്ചചെയ്യപ്പെടുകയുണ്ടായി.

## കുടുംബശ്രീ

നശാ മുക്തി ഭാരത് മലപ്പുറം ജില്ലാ ആക്ഷൻ പ്ലാൻ അനുസരിച്ച് കുടുംബശ്രീ സ്നേഹിത വിജിലന്റ് ഗ്രൂപ്പിന്റെ 45 വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും പ്രസ്തുത ഗ്രൂപ്പുകളിലൂടെ 2500 ൽ അധികം വനിതകളുടെ പങ്കാളിത്തം പരിപാടിയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രസിദ്ധരായ സൈക്യാട്രിസ്റ്റുകളുടെയും സൈക്കോളജിസ്റ്റുകളുടെയും ബോധവല്കരണ ക്ളാസ്സുകൾ നല്കിവരുന്നതിനൊപ്പം ബോധവല്ക്കരണത്തിലൂന്നിക്കൊണ്ടുള്ള ക്വിസ്, അനുഭവക്കുറിപ്പ് തുടങ്ങിയ വിവിധ മത്സരങ്ങളും നടത്തിവരുന്നു. അതോടൊപ്പം മലപ്പുറം ജില്ലയിലെ 110 കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാരെ ഉൾക്കൊള്ളിച്ചുകൊുള്ള സോഷ്യൽമീഡിയ ഗ്രൂപ്പും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ഗ്രൂപ്പുവഴി ജില്ലയിലെ ഇരുപത്തി ആറായിരത്തോളം വരുന്ന (26000) അയൽക്കൂട്ടങ്ങളിൽ പദ്ധതി എത്തിയ്ക്കുകയാണ് ലക്ഷ്യം. ലഹരി വിപണനത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തുകയും ലഹരിയ്ക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സാ സഹായങ്ങൾ ഒരുക്കുകയും ചെയ്യുന്നതിലൂടെ സമൂഹത്തിൽ വലിയ മാറ്റം വരുത്താൻ ഈ ഗ്രൂപ്പിനു കഴിയും.

## ലീഗൽ സർവ്വീസസ് അതോരിറ്റി

ഒക്ടോബർ മാസം 21-ാം തീയതി ജില്ലാ ലീഗൽ സർവ്വീസസ് അതോരിറ്റിയുടെയും വിമുക്തി മിഷന്റെയും നേതൃത്വത്തിൽ ബോധവല്ക്കരണ വെബിനാർ സംഘടിപ്പിയ്ക്കുകയുണ്ടായി. ലീഗൽ സർവ്വീസസ് അതോരിറ്റി സെക്രട്ടറിയും സബ്ജഡ്ജുമായ ശ്രീമതി പ്രിയ. കെ. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ നശാ മുക്ത് ഭാരത് കോർഡിനേറ്റർ ബി. ഹരികുമാർ ക്ലാസ്സ് എടുത്തു. അദ്ധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ അമ്പതിലധികം പേർ വെബിനാറിൽ പങ്കെടുത്തു.

## സ്കൂൾ വിദ്യാഭ്യാസം

മലപ്പുറം ജില്ലയിലെ മുഴുവൻ സ്കൗട്ട് & ഗൈഡ്സ്, വിദ്യാർത്ഥികളെയും പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനായി സ്കൗട്ട് & ഗൈഡ്സ്, NSS, NCC, SPC,JRC ചുമതലയുള്ള അദ്ധ്യാപകർക്കായി പ്രത്യേകം പ്രത്യേകമായി വാട്സാപ്പ്, ഇൻസ്റ്റഗ്രാം ഗ്രൂപ്പുകൾ ഉണ്ടാക്കുകയും അതുവഴി നശാമുക്ത് ഭാരത് ബോധവല്ക്കരണ പരിപാടികൾ വിദ്യാർത്ഥികളിലേയ്ക്കും അദ്ധ്യാപകരിലേയ്ക്കും എത്തിച്ചു വരികയുമാണ്. ജില്ലയിലെ മുഴുവൻ PTA ഭാരവാഹികളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## ഉന്നതവിദ്യാഭ്യസം

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരെയും വദ്യാർത്ഥികളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനായി NSS, NCC തുടങ്ങിയ സംഘടനകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ചുമതലയുള്ള അധ്യാപകർക്കായി വാട്സാപ്പ്, ഇൻസ്റ്റാഗ്രാം ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമവും ആരംഭിച്ചിട്ടുണ്ട്.


## ആദിവാസിഗോത്രസമൂഹം


ആദിവാസി മേഖലയിൽ ജനമൈത്രി എക്സൈസുമായും വിമുക്തി മിഷനുമായും സഹകരിച്ചുകൊണ്ട് ആദിവാസി ഗോത്രസമൂഹത്തിനായി സഞ്ചരിയ്ക്കുന്ന ഗ്രന്ഥശാല പദ്ധതിയ്ക്കു തുടക്കം കുറിച്ചു. ആയതിലേയ്ക്കായി പൊതുജനങ്ങളിൽ നിന്ന് പതിനായിരത്തോളം പുസ്തകങ്ങൾ ശേഖരിയ്ക്കുന്നതിന്റെ പ്രവർത്തനം നടന്നുവരുന്നു.



കെ. കൃഷ്ണമൂർത്തി
ജില്ലാ സാമൂഹ്യനീതി ഓഫീസർ,
മലപ്പുറം



# പ്രൊബേഷൻ & ആഫ്റ്റർ കെയർ സർവീസസ്

സാമൂഹ്യ നീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജയിൽ തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായവും കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതരുടേയും ഗുരുതര പരുക്ക് പറ്റിയവരുടേയും പുനരധിവാസവും ഈ പദ്ധതികളിൽ പെടുന്നു.

## ജയിൽ തടവുകാരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി.

തടവുശിക്ഷ അനുഭവിക്കുന്നവരുടെ പെൺമക്കളുടെ വിവാഹം സാമൂഹിക സാഹചര്യങ്ങളിൽ വലിയ വെല്ലുവിളികൾ ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന തടവുകാരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30000/- രൂപാ നിരക്കിൽ 20 പേർക്ക് 600000/-രൂപ (ആറ് ലക്ഷം രൂപ) 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്.

### മാർഗ്ഗനിർദേശങ്ങൾ

- വിവാഹം നടന്ന പെൺകുട്ടിയുടെ പിതാവ്/മാതാവ് രണ്ട് വർഷമോ അതിലധികമോ ജയിലിൽ തടവുശിക്ഷ അനുഭവിച്ചുവരുന്ന ആളായിരിക്കണം.
- ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. (റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം )
- ജയിൽ അന്തേവാസിയുടേയും പെൺകുട്ടിയുടേയും പേരുകൾ ഒരേ റേഷൻകാർഡിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പെൺകുട്ടി തടവുശിക്ഷ അനുഭവിക്കുന്ന വ്യക്തിയുടെ മകൾ ആണെന്ന് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യ പത്രം ഹാജരാക്കണം.
- വിവാഹം കഴിഞ്ഞ് ആറുമാസത്തിനു ശേഷമോ ഒരു വർഷത്തിനകമോ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷയോടൊപ്പം വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിരിക്കണം.
- അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ചുതാമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ് മെമ്പർ / കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.
- വിവാഹ ധനസഹായം ഒരിക്കൽ അനുവദിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ ധന സഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
- അതാത് ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷണർ ഓഫീസർമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- ജയിൽ സൂപ്രണ്ടുമാർ മുഖേന ലഭിക്കുന്ന അപേക്ഷകളിൻമേൽ അതാത് പ്രൊബേഷണർ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
- പ്രൊബേഷണർ ഓഫീസർമാർ മുഖേന ലഭ്യമാകുന്ന അപേക്ഷയിൽ അതാത് ജയിൽ സൂപ്രണ്ടുമാരുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്.
- ഒരു കുടുംബത്തിൽ നിന്നും പരമാവധി രണ്ടു പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കാവുന്നതാണ്.
- ജയിൽ സൂപ്രണ്ടുമാർ/പ്രൊബേഷണർ ഓഫീസർമാർ അപേക്ഷകൾ പരിഗണിച്ച് ശുപാർശ സഹിതം സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ധനസഹായം ആർക്ക് നൽകണം എന്നുള്ളത് (മാതാവ്/പിതാവ്/മകൾ) അതാത് പ്രൊബേഷണർ ഓഫീസർമാരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തീരുമാനിക്കുന്നതാണ്.
- ധനസഹായം ഒറ്റത്തവണയായി അർഹതപ്പെട്ട വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

## കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതരുടേയും ഗുരുതര പരുക്ക് പറ്റിയവരുടേയും പുനരധിവാസ പദ്ധതി.

മുൻതടവുകാർ/ പ്രൊബേഷണർമാർ/ തടവുകാരുടെ ആശ്രിതർ എന്നിവർക്കുള്ള സ്വയംതൊഴിൽ ധനസഹായം, തടവുകാരുടെ മക്കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ധനസഹായം, അതിക്രമത്തിനിരയായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധന സഹായം തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.



കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതരുടേയും, ഗുരുതര പരുക്ക് പറ്റിയവരുടേയും പുനരധിവാസത്തിനായി സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ 30 ഗുണഭോക്താക്കൾക്ക് തയ്യൽ യൂണിറ്റ്, 20 ഗുണഭോക്താക്കൾക്ക് ആടുവളർത്തൽ സംരംഭം എന്നിവ ആരംഭിക്കുന്നതിനുള്ള പ്രോജക്റ്റ് പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുന്നതിന് 444000.00 രൂപ (നാല് ലക്ഷത്തി നാൽപത്തി നാലായിരം രൂപ ) അനുവദിച്ചു. ഇത് 2020-21 സാമ്പത്തിക വർഷത്തിൽ പ്രൊബേഷൻ സേവനങ്ങൾക്കായി 2235-02-106-93 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിക്രമത്തിനിരയായവർ പല വിധത്തിലുള്ള സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ പ്രതിരോധം, കുറ്റവാളികളുടെ പരിവർത്തന പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയോടൊപ്പം തന്നെ കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുക എന്നതും പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമാണ്. ഇത് പ്രൊബേഷൻ സേവനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും, പ്രവർത്തനങ്ങൾക്ക് കൂടുതൽ സാമൂഹ്യ പിന്തുണയും സ്വീകാര്യതയും ലഭിക്കുന്നതിനും സഹായകരമാകും. കൊലപാതകം, ആസിഡ് ആക്രമണം, ആക്രമിച്ച് ഗുരുതരമായി പരിക്കേൽപിക്കുക തുടങ്ങി വളരെ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കുറ്റകൃത്യങ്ങളിൽ ഇരയാക്കപ്പെടുന്നവർക്കും, അവരുടെ കുടുംബത്തിനും ഉടനടി ആശ്വാസവും, പിന്തുണയും ആവശ്യമായുണ്ട്. അതിന് മേൽപറഞ്ഞ പദ്ധതി സഹായകമാകും.

കുറ്റകൃത്യങ്ങൾക്ക് ഇരയായി മരണപ്പെട്ടവരുടെ ആശ്രിതർ, ഗുരുതര പരിക്ക് പറ്റിയവർ എന്നിവരിൽ സാമ്പത്തികമായി വളരെ പ്രയാസം അനുഭവിക്കുന്നവർക്ക് ഉപജീവന മാർഗം കണ്ടെത്തുന്നതിനാണ് സ്വയം തൊഴിൽ സഹായം ലഭ്യമാകുക.

പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസ് മുഖേനയാണ് പദ്ധതി നിർവഹണം നടത്തുന്നത്. കുറ്റ കൃത്യങ്ങൾക്ക് ഇരയായവരുടെ വിവരശേഖരണം പോലീസ്, പ്രോസിക്യൂഷൻ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ എന്നിവ മുഖേന ശേഖരിച്ചും, അപേക്ഷ ക്ഷണിച്ചും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതാണ്. ജില്ലാ മജിസ്ട്രേറ്റ് അധ്യക്ഷനായുള്ള ജില്ലാതല പ്രൊബേഷൻ ഉപദേശക സമിതി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതും, പദ്ധതി നിർവഹണ മേൽനോട്ടം നിർവഹിക്കുന്നതുമാണ്.

## 'കാഴ്ച'- സ്മാർട്ട് ഫോൺ വിതരണവും 'അനുഗമനം' ഭിന്നശേഷി സഹായ ഉപകരണ വിതരണ ക്യാമ്പും

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ കാസറഗോഡ് ജില്ലയിലെ കാഴ്ച പരിമിതരായ 31 പേർക്ക് 'കാഴ്ച'പദ്ധതിയിലൂടെ സ്മാർട്ട് ഫോൺ വിതരണവും, തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഭിന്നശേഷിക്കാരായ നൂറ്റി അൻപതോളം ഭിന്നശേഷി ക്കാർക്ക് 2020 സെപ്റ്റംബർ 13, 14, 15 തീയതികളിൽ (അനുഗമനം) 35 ലക്ഷത്തോളം രൂപയുടെ വിവിധ സഹായ സഹായ ഉപകരണ വിതരണവും നടത്തി. പ്രസ്തുത ചടങ്ങ് സെപ്റ്റംബർ 13 ന് ബഹു. ആരോഗ്യ സാമൂഹ്യ നീതി വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ ശൈലജ ടീച്ചർ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഏത് പ്രതിസന്ധിയിലും സർക്കാർ ഭിന്നശേഷിക്കാർക്കൊപ്പം പ്രതിജ്ഞാബന്ധമായി നിലയുറപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.
കോവിഡ്-19 പകർച്ചവ്യാധി പടർന്നുപിടിച്ച സാഹചര്യ ത്തിൽ സർക്കാർ ഏർപ്പെടുത്തിയ കോവിഡ്-19 മാനദ ണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭിന്നശേഷിക്കാരുടെ സൗകര്യാർത്ഥം അതാതു പഞ്ചായത്തുകളിൽ ഉപകര ണങ്ങൾ എത്തിച്ചാണ് വിതരണം നടത്തിയത്.









# ആശ്രയ സായംപ്രഭ ഹോം

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്,
കോഴിക്കോട് ജില്ല

**മാറുന്ന ജീവിത ക്രമങ്ങളിൽ മാറ്റിനിർത്താതെ നോക്കാൻ...........**
**ഒറ്റപ്പെടാതെ ഓർമ്മകൾ പങ്കുവയ്ക്കാൻ.............**
**വിരസതയില്ലാതെ വർത്തമാനം പറയാൻ...............**
**പാട്ടുകൾ പാടി പൊട്ടിച്ചിരിക്കാൻ..................**
**മനസ്സും, ശരീരവും നിറഞ്ഞിരിക്കാൻ.................**
**അറിവ് പകർന്ന് വഴിവിളക്കാകാൻ....................**
**സായംപ്രഭാഹോം, മാതൃകാ സായംപ്രഭാഹോം**



കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ, കച്ചേരിപ്പാറ എന്ന സ്ഥലത്താണ് കേരള സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള മാതൃക പകൽ വീട് പ്രവർത്തിക്കുന്നത്. കേരള സർക്കാർ – സാമൂഹ്യ നീതി വകുപ്പും, കോഴിക്കോട് ജില്ലാ പഞ്ചായത്തും, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തും, എച്ച്.എൽ.എഫ്.പി.പി.റ്റിയും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 2019 ഫെബ്രുവരി മാസം പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾആരംഭിച്ചുവെങ്കിലും പകൽവീട് പ്രവർത്തനം ആരംഭിക്കുന്നത് 2019 സെപ്തംബർ മാസത്തിലാണ്. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ 2020 മാർച്ച് മാസം പകുതിയോട് കൂടി പ്രവർത്തനങ്ങൾ കുറഞ്ഞുവെങ്കിലും ഈ കുറഞ്ഞ കാലയളവിൽ കേരളത്തിലെ ഏറ്റവും മികച്ച പകൽവീടിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. ചെങ്ങോട്ട്കാവ് പഞ്ചായത്തിലെ 60 വയസ്സിന് മുകളിലുള്ള തിരഞ്ഞെടുക്കപ്പെട്ട വയോജനങ്ങളുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ ശാക്തീകരണത്തിന് മികച്ച ഒരു മാതൃക പൊതു സമൂഹത്തിന് മുമ്പിൽ തുറന്ന് കാട്ടുവാൻ ഈ മാതൃകാ പദ്ധതിയിലൂടെ സാധിച്ചു.

## ആശ്രയ സായംപ്രഭ ഹോം ഒരു മാതൃക പകൽവീട് എന്ന രീതിയിൽ രൂപാന്തരപ്പെടുവാനായി അവലംബിച്ച പ്രവർത്തനങ്ങൾ.

### വയോജന സൗഹൃദ അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ കെട്ടിടം.

വയോജനങ്ങളുടെ മാനസികവും, ശാരീരികവുമായ ആരോഗ്യം സംരക്ഷിക്കുന്നതിനായി അവർ ഇടപെടുന്ന ചുറ്റുപാടുകൾ വളരെ വൃത്തിയുള്ളതും, സഞ്ചാരയോഗ്യവും അതിലുപരി വയോജന സൗഹൃദവും ആകണം എന്നതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി. വയോജനങ്ങൾക്ക് സുരക്ഷിതമായി നടന്ന് പോകുവാൻ സൗകര്യത്തിനുള്ള റെയിലിംഗുകളും, റാമ്പുകളും ഘടിപ്പിച്ചു. ഭിത്തികളിൽ മനോഹരമായ വർണ്ണ ചിത്രങ്ങൾ വരച്ചു. സ്വീകരണ മുറി, സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേക വിശ്രമ മുറികൾ, എല്ലാ വിശ്രമ മുറികളിലും ടോയിലറ്റ്, കുളിക്കുന്നതിനുള്ള സൗകര്യങ്ങൾ, ക്ലിനിക്ക്, കൗൺസിലിംഗ് മുറി, ഫിസിയോ തെറാപ്പി റൂം , യോഗാപരിശീലനത്തിനുള്ള സൗകര്യങ്ങൾ, സ്കിൽ ട്രൈനിംഗ് കോർണർ, ടി.വി ഹാൾ, ലൈബ്രറി, ഇൻഡോർ ഗെയിമിനുള്ള സൗകര്യങ്ങൾ, ഒരുമിച്ചിരുന്ന് ആഹാരം കഴിക്കുവാൻ പാകത്തിനുള്ള വിശാലമായ ഫുഡ്കോർട്ട്, അടുക്കള, വരാന്തകൾ എന്നിവ ആധുനികവും മനോഹരവുമായ രീതിയിൽ സജ്ജീകരിച്ചു. കെട്ടിടത്തിന് വെളിയിലുള്ള ഭാഗത്ത് കൃഷിത്തോട്ടമൊരുക്കുകയും മനോഹരമായ രീതിയിൽ പുല്ല് പിടിപ്പിച്ച്, പൂന്തോട്ടമാക്കുകയും കൂടാതെ നടപ്പാത ഒരുക്കുകയും ചെയ്തു.





### ഹോമിലെ ജീവനക്കാരുടെ തിരഞ്ഞെടുക്കലും പരിശീലനവും.

വയോജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരോടൊപ്പം ചേർന്ന് പോകുവാൻ കാര്യക്ഷമതയും, അനുഭവ സമ്പത്തുമുള്ള ജീവനക്കാരെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തത്. സോഷ്യൽ വർക്കർ, ഫിസിയോ തെറാപ്പിസ്റ്റ്, സ്റ്റാഫ് നേഴ്സ്, മൾട്ടി കെയർ സ്റ്റാഫ് എന്നിവരാണ് മാതൃക പകൽവീടിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി നിയമിക്കപ്പെട്ടത്. ജീവനക്കാർക്ക് വയോജന സേവനങ്ങളെ പറ്റിയും മാതൃക പകൽ വീടിന്റെ വ്യത്യസ്ഥതകളെപറ്റിയുമുള്ള വിശദമായ പരിശീലനം നൽകി

### ഗുണഭോക്താക്കളുടെ മാപ്പിംഗും, തിരഞ്ഞെടുക്കലും

ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, സാമൂഹിക സംഘടനകൾ, ഉദ്യോഗസ്ഥർ, എന്നിവരുമായി ചേർന്ന് ചെങ്ങോട്ട്കാവ് പഞ്ചായത്തിലെ 60 വയസ്സിന് മുകളിലുള്ള വയോജനങ്ങളുടെ പട്ടിക തയ്യാറാക്കുകയും അതിൽ നിന്ന് യോഗ്യരായ 45 പേരെ ആശ്രയ സായംപ്രഭ ഹോമിന്റെ സ്ഥിരം ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുകയും ചെയ്തു. മറ്റുള്ള വയോജനങ്ങൾക്ക് ഇതര സാമൂഹിക സേവനങ്ങൾ നൽകുവാനുള്ള പദ്ധതികളും തയ്യാറാക്കി.

### തിരഞ്ഞെടുത്ത വയോജനങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയെപറ്റിയുള്ള അവബോധനം

രാവിലെ 10 മണിക്ക് ഹോമിലെത്തി യോഗ, മെഡിക്കൽ പരിശോധനകൾ, ഫിസിയോ തെറാപ്പി, വിനോദ പ്രവർത്തനങ്ങൾ, കൗൺസിലിംഗ്, വായന, ടി.വി കാണൽ, മറ്റു ഗെയിമുകൾ എന്നിവയിലൂടെ കടന്നു പോകുന്ന ഓരോ ദിവസവും അവസാനിക്കുന്നത് വൈകുന്നേരം 4.30 നാണ്. പ്രത്യേകം സജ്ജീകരിച്ച വാഹനത്തിൽ വയോജനങ്ങളെ കൂട്ടിക്കൊണ്ട് വരികയും തിരിച്ചു വീട്ടിലെത്തിക്കുകയും ചെയ്യുന്നു. രാവിലെയും വൈകുന്നേരവുമുള്ള ലഘു ഭക്ഷണവും ഉച്ചഭക്ഷണവും ഹോമിൽ നിന്ന് തന്നെയാണ് നൽകുക. ഇക്കാര്യങ്ങൾ തിരഞ്ഞെടുത്ത വയോജനങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വിശദമായി പറഞ്ഞു കൊടുത്തു.

### തിരഞ്ഞെടുത്ത വയോജനങ്ങളുടെ വിശദമായ കേസ് ഹിസ്റ്ററി, മെഡിക്കൽ റെക്കോർഡ് വിവരങ്ങൾ എന്നിവ ശേഖരിക്കലും ക്രോഡീകരിക്കലും

സോഷ്യൽ വർക്കർ വയോജനങ്ങളുമായും അവരോട് ബന്ധം പുലർത്തുന്ന ആളുകളുമായും സംസാരിച്ച് വിശദമായ കേസ് ഹിസ്റ്ററി തയ്യാറാക്കുന്നു. കേസ് ഹിസ്റ്ററിയിൽ അവരുടെ താൽപര്യങ്ങളും ഇഷ്ടങ്ങളും എല്ലാം എഴുതി വെയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. അതോടൊപ്പം സ്റ്റാഫ് നഴ്സിന്റെ നേതൃത്വത്തിൽ വയോജനങ്ങളുടെ ആരോഗ്യ വിവരങ്ങളും രേഖപ്പെടുത്തിവെക്കുന്നു.

### ശാരീരിക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ.

- ☐ എല്ലാ മാസത്തിലും ആവശ്യാനുസരണം ഡോക്ടർമാർ പകൽവീട് സന്ദർശിക്കുകയും വയോജനങ്ങളെ പരിശോധിക്കുകയും ആവശ്യമായ മരുന്നുകൾ നൽകുകയും ചെയ്യുന്നു. വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുന്നു. കൂടാതെ മാനസിക ആരോഗ്യ വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കുന്നു.



- ☐ ഫിസിയോ തെറാപ്പി ആവശ്യമുള്ള എല്ലാവരെയും ഫിസിയോ തെറാപ്പിസ്റ്റ് പരിശോധിച്ച് ആവശ്യമായ വ്യായാമങ്ങൾ ചെയ്യിപ്പിക്കുന്നു.



- ☐ സ്റ്റാഫ് നേഴ്സ് എല്ലാവരുടെയും രക്തസമ്മർദ്ദം, പ്രമേഹം എന്നിവ പരിശോധിച്ച് രേഖപ്പെടുത്തുന്നു. ആവശ്യമായ മറ്റു പരിശോധനകൾ പുറത്തുള്ള ലാബിന്റെ സഹായത്തോടെ ചെയ്യുന്നു.
- ☐ നേത്രപരിശോധന ക്യാമ്പ് നടത്തുകയും കണ്ണടകൾ വേണ്ടവർക്ക് അത് വിതരണം ചെയ്യുകയും ചെയ്തു.

### മാനസിക ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ

- ☐ എല്ലാ ദിവസവും രാവിലെ യോഗയും മെഡിറ്റേഷനും വയോജനങ്ങൾക്കായി നടത്തുന്നു.
- ☐ ഇഷ്ടപ്പെട്ട സിനിമകൾ ടി.വി പരിപാടികൾ എന്നിവയും തിരഞ്ഞെടുത്ത മോട്ടിവേഷൻ വീഡിയോകളും വയോജനങ്ങൾക്കായി കാണിക്കുന്നു.

- നല്ല പുസ്തകങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുന്നു. അതോടൊപ്പം വായിച്ച പുസ്തകങ്ങൾ അംഗങ്ങൾ മറ്റുള്ളവർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.
- കാരംസ്, ചെസ്സ്, ലുഡോ, തുടങ്ങിയ ഗെയിമുകളും വയോജനങ്ങൾ അവരുടെ ചെറിയ പ്രായത്തിൽ കളിച്ചിട്ടുള്ള കളികൾക്കുമുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു.
- 'മെയ്ക് എ വിഷ് പദ്ധതി' പ്രകാരം വയോജനങ്ങളുടെ ആഗ്രഹങ്ങൾ ചോദിച്ചറിഞ്ഞ് വിഷ് ലിസ്റ്റ് തയ്യാറാക്കി മുൻഗണന പ്രകാരം അവർക്ക് ഇഷ്ടമുള്ള ആരാധ നാലയങ്ങൾ, സിനിമ, ബീച്ച് എന്നീ ആഗ്രഹങ്ങൾ സാധിച്ച് കൊടുക്കുന്നു.
- പാചക മത്സരങ്ങൾ നടത്തുകയും ചെറിയ സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യുന്നു.
- ആഴ്ചയിൽ ഒരു ദിവസം താമസക്കാർക്ക് പാട്ട് പാടുന്നതിന് അവസരങ്ങൾ ഉണ്ടാക്കി ക്കൊടുക്കുന്നതിനായി മ്യൂസിക് ഷോകൾ സംഘടിപ്പിക്കുന്നു. പ്രശസ്ത കലാകാരൻമാരെയും ഉൾക്കൊള്ളിച്ച് കൊണ്ടാണ് ഈ പരിപാടികൾ നടക്കുന്നത്.
- വയോജനങ്ങളുടെ കുടുംബസംഗമങ്ങളും ഒത്തു ചേരലും നടത്തുന്നു



## വിനോദ യാത്രകൾ

സർഗാലയ ഇരിങ്ങൽ, ആർട് ആൻറ് ക്രാഫ്റ്റ് വില്ലേജ്, കാപ്പാട് ബീച്ച്, എന്നിവ സന്ദർശിക്കുവാൻ വയോജനങ്ങൾക്ക് അവസരമുണ്ടായി. കൂടാതെ സിനിമാ തിയ്യറ്ററിൽ പോയി സിനിമ കാണുന്നതിനുള്ള അവസരവും ലഭിച്ചു. താമസക്കാരുടെ ആഗ്രഹങ്ങൾ ചോദിച്ചറിയുകയും ലിസ്റ്റ് ഉണ്ടാക്കുകയും അതിന് അനുസരിച്ച് യാത്രകൾ ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്.



## ദിനാഘോഷങ്ങൾ, ഉത്സവങ്ങൾ

വയോജനങ്ങളുടെ പിറന്നാൾ, ഓണം, ക്രിസ്തുമസ്, റംസാൻ, ദീപാവലി പുതുവത്സരം എന്നിവ വിപുലമായ രീതിയിൽ സമൂഹത്തിലുള്ള മറ്റുള്ളവരെയും ചേർത്ത് ആഘോഷിക്കുവാൻ സാധിച്ചു. കേരളപ്പിറവി, സ്വാതന്ത്ര്യ ദിനം, ലോക വയോജന ദിനം, ശിശുദിനം പോലെയുള്ള ദിനങ്ങൾ ആചരിക്കുവാനും കഴിഞ്ഞു.



## കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.

വയോജനങ്ങൾക്കായി പേപ്പർപേന ഉണ്ടാക്കൽ, സോപ്പ് പൗഡർ നിർമ്മാണം, തുണികൊണ്ടുള്ള പൂവ് നിർമ്മാണം, കയർ പിരിക്കൽ എന്നിവയിൽ പരിശീലനം നൽകി. ആരോഗ്യവും താൽപര്യവും ഉള്ള ആളുകൾ ഈ പ്രവർത്തനത്തിൽ സന്തോഷപൂർവ്വം ഏർപ്പെടുന്നു.



## സമൂഹത്തിലേക്ക് മാതൃകാ ഹോമിന്റെ പ്രവർത്തനങ്ങൾ.

ഫിസിയോ തെറാപ്പി, ആരോഗ്യ സംരക്ഷണം, വായന ശാല, എന്നീ സേവനങ്ങൾ ആവശ്യമുള്ള വയോജനങ്ങൾ ഹോമിലെത്തുകയും സേവനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. ഫിസിയോ തെറാപ്പി, കൗൺസിലിംഗ്, നേഴ്സിംഗ് സേവനങ്ങൾ എന്നിവ മറ്റുള്ള വയോജനങ്ങൾക്ക് വീടുകളിൽ എത്തി നൽകുവാനും ജീവനക്കാർക്കും സാധിക്കുന്നു.

ചെങ്ങോട്ട്കാവ് പഞ്ചായത്തിൽ വിവിധ പെൻഷൻ ലഭിക്കുന്ന 60 വയസ്സിന് മുകളിലുള്ള ആളുകൾക്ക് ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ മസ്റ്ററിംഗ് പ്രവർത്തനങ്ങൾ നടത്തിയത് ഹോമിന്റെ നേതൃത്വത്തിലാണ്.

## വിവിധ സംഘടനകളുമായുള്ള സംയോജനം

സീനിയർ സിറ്റിസൺ ഫോറം, യൂത്ത് ക്ലബ്ബുകൾ, വയോജന അയൽക്കൂട്ടങ്ങൾ, വായന കളരി, വിവിധ ക്ലബ്ബുകൾ, ആശുപത്രികൾ, രാഷ്ട്രീയ സാമൂഹിക സംഘടനകൾ, അംഗൻവാടികൾ എന്നിവയുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്യുവാൻ മോഡൽ ഹോമിന് സാധിച്ചു.

## ഭാവി പദ്ധതികൾ

- വയോജന അയൽക്കൂട്ടങ്ങളെ ശാക്തീകരിക്കുകയും പ്രാദേശിക സ്വയംഭരണ സംവിധാനങ്ങളുടെ സഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
- മാതൃകാ സായംപ്രഭ ഹോമിൽ നിർമ്മിച്ച വസ്തുക്കൾ മികച്ച രീതിയിൽ മാർക്കറ്റ് ചെയ്യുക വഴി വയോജനങ്ങൾക്ക് ചെറിയ രീതിയിലുള്ള സാമ്പത്തിക വരുമാനം ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.
- ഉയർന്ന ജോലിയിൽ നിന്ന് വിരമിച്ച വയോജനങ്ങളെ ചേർത്ത് ഗ്രൂപ്പുകൾ ഉണ്ടാക്കുകയും മറ്റു വയോജനങ്ങൾക്ക് പ്രയോജനപ്രദമായ പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്യുക.





കവിത



# സഫലം

സുകൃതം! സഫലമീ  കർമധാര
സജലം! നയനദ്വയങ്ങളീ നിമിഷം
സഹജീവികൾക്കെന്നുമതിജീവനത്തിൻ
മഹനീയസാന്ത്വനം പകരുമീ സവിധം

ദിവ്യാംഗർക്കൊക്കെയുമാത്മാഭിമാനം
സാഭിമാനം നൽകുമാനന്ദപൂർവ്വം
മനസ്സിൻ വേഗം ശരീരത്തിനേകുവാൻ
മൃതസഞ്ജീവനിയായിടും നമ്മൾ

കൈകളിൽമെല്ലെക്കിടത്തി ലാളിച്ചൊരാ
തങ്കക്കുടങ്ങൾ കൈവിടും പൂജ്യരാം
വന്ദ്യവയോധികർക്കേകിടും സാന്ത്വനം
സാമൂഹ്യനീതിതൻ  സാരള്യസേവനം

സ്വത്വം വെളിപ്പെടുത്തീടുവാനാകാതെ
സ്വന്തം നിഴലിനെപ്പോലും ഭയപ്പെട്ട
ലക്ഷങ്ങളിന്നു തൻ ലക്ഷ്യങ്ങൾ നേടുന്നു
നമ്മളിൽ  ഞങ്ങളുണ്ടെന്നു ഘോഷിക്കുന്നു

ജീവിതപന്ഥാവിൽ തളരുന്ന മാനവർ –
ക്കൊരു കുളിർ തെന്നലായിനിയുമെന്നും
കഴിവുള്ളവർ വാഴുമിന്നിന്റെ ലോകത്ത്
കഴിയാത്തവർക്കായി നമ്മളുണ്ടെന്നെന്നും.........



വിദ്യാസാജൻ എസ്
ഓഫീസ്  അറ്റൻഡന്റ്
സാമൂഹ്യനീതി  ഡയറക്ടറേറ്റ്



# ട്രാൻസ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങൾ

## സഫലം

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവിനും അഭിരുചിയ്ക്കും അനുസൃതമായി വിവിധ കോഴ്സുകളിൽ പ്രവേശനം ലഭ്യമാക്കി തൊഴിൽ സാധ്യത ഉയർത്തുന്നതിനും അതുവഴി സാമൂഹ്യ പുനസംയോജനത്തിന് പ്രാപ്തരാക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായമായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിയ്ക്കുന്നു. നടപ്പു സാമ്പത്തിക വർഷം 20 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിയ്ക്കുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

## ഹോർമോൺ ചികിത്സ മരുന്നുകൾ ലഭ്യമാക്കൽ

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 15 ദിവസത്തേയ്ക്ക് ഹോർമോൺ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 35000/രൂപ അനുവദിച്ചു.

## ഫുഡ് കിറ്റ് വിതരണം.

സംസ്ഥാനത്ത് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യ-സാമൂഹ്യ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി സപ്ലൈക്കോ മുഖേന ഇവർക്കായി അവശ്യ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യ ഘട്ടമായി 1000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 557.35 രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്തിരുന്നു. കൂടാതെ രണ്ടാം ഘട്ടമെന്ന നിലയിൽ 1000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 700/രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ കിറ്റുകൾ സംസ്ഥാനത്ത് വിതരണം ചെയ്തു വരുന്നു.

## ട്രാൻസ്ജെൻഡേഴ്സിനായി കരിയർ കോഴ്സ് (എക്ണോമിക് എംപവർമെന്റ് ഹബ് 2)

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിയ്ക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും പാർശ്വവൽക്കരിയ്ക്കപ്പെട്ട ജനവിഭാഗത്തിൽ നിന്നും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ട്രാൻസ്ജെൻഡർ വ്യക്തികളെ കൊണ്ട് വരുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി Economic Empowerment Hub 2 for Transgenders എന്ന പേരിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന കരിയർ കോഴ്സ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ നടന്നു വരുന്നു.

## ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചത്

ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിയ്ക്കാനും അവരുടെ ആരോഗ്യ മാനസിക ഉന്നമനം ലക്ഷ്യമിട്ടും വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി 2 ലക്ഷം രൂപയാണ് അനുവദിച്ച് വന്നിരുന്നത്.എന്നാൽ ഈ ശസ്ത്രക്രിയയ്ക്ക് ഭീമമായ തുക ആവശ്യമായി വരുന്നത് പലർക്കും വളരെ പ്രതിസന്ധി സൃഷ്ടിയ്ക്കപ്പെടുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ത്രീയിൽ നിന്നും പുരുഷനാക്കുന്ന ശസ്ത്രക്രിയയ്ക്ക് (ട്രാൻസ് മാൻ) 5 ലക്ഷം രൂപയും, പുരുഷനിൽ നിന്നും സ്ത്രീയിലേയ്ക്കുള്ള മാറ്റ ശസ്ത്രക്രിയയ്ക്കായി (ട്രാൻസ് വുമൺ) പരമാവധി 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

## കേരള സംസ്ഥാന വനിത കോർപ്പറേഷൻ മുഖേന സ്വയം തൊഴിൽ വായ്പ ധനസഹായ പദ്ധതി

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സമഗ്ര സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി കേരള സംസ്ഥാന വനിത കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷം 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3 ലക്ഷം രൂപ നിരക്കിൽ 30 ലക്ഷം രൂപ പദ്ധതിയ്ക്കായി വകയിരുത്തി, വനിത വികസന കോർപ്പറേഷന് കൈമാറുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.




രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെടുക :
ദിശ 0471-2552056 / ടോൾ ഫ്രീ നമ്പർ 1056




SOCIAL JUSTICE DEPARTMENT
care, protection & empowerment

## കോവിഡ് 19 -റിവേഴ്സ് ക്വാറന്റയിൻ-വയോജനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

പകർച്ചവ്യാധികൾ ഏറ്റവും അപകടകരമായി ബാധിക്കുന്നത് വയോജനങ്ങളെയാണ്. സംസ്ഥാനത്ത് കോവിഡ്- 19 രോഗവ്യാപനം തുടരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നിഷ്കർഷിക്കുന്ന **'റിവേഴ്സ് ക്വാറന്റയിൻ'** രോഗപ്രതിരോധം തീർക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ വയോജനങ്ങൾ, പ്രമേഹ രോഗികൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മേജർ സർജറി കഴിഞ്ഞു വിശ്രമിക്കുന്നവർ, ഗർഭിണികൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, 10 വയസിൽ താഴെയുള്ള കുട്ടികൾ എന്നിവർ ആരോഗ്യവകുപ്പിന്റെ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പാലിച്ച് റിവേഴ്സ് ക്വാറന്റയിനിൽ കഴിയേണ്ടതാണ്.

- കോവിഡ് - 19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ഫേസ് മാസ്ക് നിർബന്ധമായും ധരിക്കുക.
- കൈകൾ ഇടയ്ക്കിടക്ക് സോപ്പും വെള്ളവും അല്ലെങ്കിൽ ആൾക്കഹോൾ ചേർത്ത ഹാൻഡ് സാനിട്ടൈസർ ഉപയോഗിച്ച് 20 സെക്കൻഡ് കഴുകുക.
- വ്യക്തികൾ ഉപയോഗിക്കുന്ന വസ്തുക്കൾ, സമ്മാനം, ഫോൺ, ലാപ്ടോപ്, പെൻഡ്രൈവ്, കളിപ്പാട്ടങ്ങൾ മുതലായവ മറ്റ് കുടുംബാംഗങ്ങളുമായി പങ്കുവയ്ക്കാതിരിക്കുക.
- സാംക്രമികേതര രോഗങ്ങൾ ഉള്ള വ്യക്തികൾ ഒരു മാസത്തേക്കെങ്കിലുമുള്ള അവശ്യമരുന്നുകൾ കരുതി വയ്ക്കുക.
- രക്തത്തിലെ ഷുഗർ ലെവൽ പരിശോധിക്കുന്നത് രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കും.
- പനിയുടെ ലക്ഷണങ്ങൾ കാണിച്ചാൽ ഉടനെ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കോ ദിശയിലെയ്ക്കോ (0471-2552056/ 1056) ബന്ധപ്പെട്ട് ആവശ്യമായ നിർദേശങ്ങൾ സ്വീകരിക്കുക.
- ആളുകളെ ക്വാറന്റയിൻ ചെയ്തിട്ടുള്ള വീടുകളിലേയ്ക്കുള്ള സന്ദർശനം ഒഴിവാക്കുക. അയൽവാസികൾക്കും ബന്ധുക്കൾക്കും ക്വാറന്റയിനിൽ കഴിയുന്നവരുമായി ഫോൺ വഴിയോ ഓൺലൈൻ വഴിയോ ബന്ധപെട്ടു പ്രചോദനം നൽകുന്നത് ഉചിതമായിരിക്കും.



- ആരോഗ്യപ്രദമായ ഭക്ഷണ രീതികൾ പിന്തുടരുകയും ഒപ്പം ചികിത്സിക്കുന്ന ഡോക്ടറുടെ നിർദേശമനുസരിച്ച് ഭക്ഷണ രീതിയിൽ ക്രമീകരണം വരുത്തുകയും ചെയ്യാൻ ശ്രദ്ധിക്കുക.
- അനാവശ്യ യാത്രകൾ ഒഴിവാക്കുക.
- ആവശ്യമായ നിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും കുടുംബ/ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടേണ്ടതാണ്. ഇവരുടെ ഫോൺ നമ്പറുകൾ മൊബൈലിൽ സൂക്ഷിക്കുക.

ഈ വാർത്താപത്രികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
sjdsuneethi@gmail.com
എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുക.

കേരള സർക്കാർ
സാമൂഹ്യനീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

സായംപ്രഭ



## 2020 ഒക്ടോബർ 1
## ലോക വയോജനദിനം

"കരുതലോടെ കേരളം,
കരുതാം വയോജനങ്ങളെ...."

### ഇതര സേവനങ്ങൾ

- റിവേഴ്സ് ക്വാറന്റയിനിൽ കഴിയുന്ന മുതിർന്ന പൗരന്മാർക്കായി ഗ്രാൻഡ് കെയർ പദ്ധതി
- മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമം സംബന്ധിച്ച നിയമം 2007 നടപ്പാക്കൽ
- സായംപ്രഭ പദ്ധതി
- വൃദ്ധസദനങ്ങൾ ആധുനികവത്ക്കരിക്കൽ "സെക്കന്റ് ഇന്നിംഗ്സ് ഹോം"

### കോവിഡ് 19–പ്രതിരോധ പ്രവർത്തനങ്ങൾ

- ജില്ലാ വയോക്ഷേമ കോൾ സെന്ററുകളുടെ പ്രവർത്തനം
- ജില്ലാ വയോജന സെൽ മുഖേനയുള്ള അടിയന്തിര ഇടപെടലുകൾ
- വയോമിത്രം മുഖേനയുള്ള ടെലി മെഡിസിൻ/ടെലി കൗൺസിലിംഗ്/ഹോം കെയർ സേവനങ്ങൾ
- വയോജന ക്ഷേമ സ്ഥാപനങ്ങളിലെ നിരന്തര മെഡിക്കൽ പരിശോധനകൾ

Printed at Sree Chitra Home, Thiruvananthapuram, Copies: 1000
For subscription enquiries, contact: Director, Directorate of Social Justice, Vikas Bhavan, Thiruvananthapuram-695033
Ph: 0471- 2306040, E-mail: sjdsuneethi@gmail.com